കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അരുവിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.6/804/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

e-mail : dotvm.ksad@kerala.gov.in
Phone : 0471 2331231

തീയതി 15.10.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം./ജി.പി.6/804/2020 തീയതി:15.10.2020

# തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.11.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ശ്രീജ. കെ. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.07.2020 മുതൽ 17.07.2020 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി ശോശാമ്മ.എസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.അനിൽകുമാർ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുരേഷ് ബാബു ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ (16.7.2020 മുതൽ 17.7.2020 വരെ)<br>ശ്രീ. കോസലരാമദാസ് കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി സീന കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ജസ്റ്റിൻ രാജ്.റ്റി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.അരുൺ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഐ. മിനി | 01.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ. എസ്. പ്രവീൺ | 01.04.2018 മുതൽ 31.03.2019വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി രാജി. എം.ആർ. | 01.04.2018 മുതൽ 3.09.2018 വരെ |
| | ശ്രീമതി അതുല്യ. എസ്.കുമാർ | 04.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ദേവി | 01.04.2018 മുതൽ 30.06.2018 വരെ |
| | ഡോ. അഞ്ജു മിറിയം ജോൺ | 1.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ശ്രീജ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സലീന | 01.04.2018 മുതൽ 31.12.2018 വരെ |
| | ഡോ. മൊഹസീന റഷീദ് | 01.01.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. മുംതാസ് ബീഗം | 01.04.2018 മുതൽ 25.02.2019 വരെ |
| | ഡോ. ഭാഗ്യലക്ഷമി വി.എൽ. | 26.02.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി ധനലക്ഷ്മി. കെ. | 01.04.2018 മുതൽ 3.07.2018 വരെ |
| | ശ്രീമതി സൗമ്യറാണി.ആർ. | 04.07.2018മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ-1 | ശ്രീ. അരുൺകുമാർ.എസ്.ആർ. | 01.04.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ – 2 | ശ്രീമതി ലക്ഷ്മി.എം.ആർ. | 1.04.2018 മുതൽ 31.03.2019വരെ |
| എച്ച്.എം. | ശ്രീമതി ഷീല | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ദീപ്തി.എൻ. | 01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീമതി ദീപ. ബി.ആർ. | 20.06.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | കുമാരി ശ്രീദേവി.എസ്. | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് | ശ്രീ. എൻ. നജീം | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | | |

ഉള്ളടക്കം


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പഞ്ചായത്ത് ഫണ്ട് ക്രമമായി കുറഞ്ഞു വരുന്നു - വരവുചെലവുകൾ ക്രമപ്പെടുത്തേണ്ടതാണ് | 1-12 |
| 13 | തനത് ഫണ്ട് വരവ് അക്കൗണ്ട് ചെയ്യുന്നതിൽ അപാകതകൾ | 1-13 |
| 14 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്-വരുമാനത്തിൽ ചോർച്ച | 1-14 |
| 15 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ-തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-15 |
| 16 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | രസീതു ബുക്കുകൾ ഹാജരാക്കിയിട്ടില്ല | 1-17 |
| 18 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയതിൽ അപാകതകൾ | 1-18 |
| 19 | ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-19 |
| 20 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 1-20 |
| 21 | തനത് ഫണ്ട് ചെലവ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-21 |
| 22 | സേവനപുസ്തക പരിപാലനത്തിൽ അപാകതകൾ | 1-22 |
| | | |

| | | |
|---|---|---|
| 23 | യാത്രാബത്ത ചട്ടവിരുദ്ധമായി അനുവദിച്ചു | 1-23 |
| 24 | ഓണറേറിയം, യാത്ര ബത്ത തുടങ്ങിയ ചെലവ് തുകകൾ ക്യാഷ് ആയി കൈമാറുന്നു | 1-24 |
| 25 | ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-25 |
| 26 | എസ്. എസ്. എ. വിഹിതം നൽകൽ - നിയതമല്ലാത്ത വകയിരുത്തൽ - പഞ്ചായത്ത് വിദ്യാഭ്യാസ സമിതി പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തുന്നില്ല | 1-26 |
| 27 | വാർഷിക പരിപാലന ഉടമ്പടി (AMC)- ടെൻഡർ നടപടികൾ സ്വീകരിച്ചില്ല | 1-27 |
| 28 | ISO കൺസൾട്ടേഷൻ - അധികമായി നൽകിയ 10,000/- രൂപ നിരാകരിക്കുന്നു - രേഖകളുടെ അഭാവത്തിൽ 15,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-29 |
| 30 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - രണ്ട് പദ്ധതികളിലൂടെ വ്യത്യസ്ത നിരക്കിൽ വാങ്ങൽ നടത്തി - സ്റ്റാൻഡേർഡ്സ് ഓഫ് ഫിനാൻഷ്യൽ പ്രൊപ്രൈറ്റി ലംഘിക്കപ്പെട്ടു | 1-30 |
| 31 | വർക്ക് കോൺട്രാക്റ്റ് - GST ഈടാക്കിയില്ല | 1-31 |
| 32 | നിയമപരമായ മുഴുവൻ അവകാശികളുടേയും അറിവില്ലാതെ നിലം ഉൾപ്പെടുന്ന വസ്തു വാങ്ങി - സർക്കാർ നിർദേശാനുസരണമുള്ള സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടം നിർമ്മിച്ചു | 1-32 |
| 33 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്കു വേണ്ടി വാടക നൽകി - വാടക അംഗനവാടി പ്രവർത്തകർക്ക് കൈമാറി | 1-33 |
| 34 | തുല്യതാ പരീക്ഷ - രേഖകൾ ഹാജരാക്കിയില്ല | 1-34 |
| 35 | വനിതാ ഘടക പദ്ധതി - സർക്കാർ നിർദേശപ്രകാരമുള്ള വകയിരുത്തൽ നടത്തിയില്ല - വനിതകൾക്കായുള്ള പദ്ധതിച്ചെലവ് ഒരു ശതമാനം മാത്രമായി | 1-35 |
| 36 | സിമന്റ് പ്ലാസ്റ്റർ (1:4, 12mm)ആളവ് കണക്കാക്കിയതിൽ പിശക് അധിക തുക നൽകി- നഷ്ടം-1,662/- | 1-36 |
| 37 | പ്രവൃത്തി ബില്ലുകളിൽ നിന്നും ഈടാക്കിയ റിട്ടെൻഷൻ തുക തിരികെ നൽകിയിട്ടില്ല | 1-37 |
| 38 | മരാമത്ത് പ്രവൃത്തികൾ - രൂപീകരണവും ഫണ്ട് വകയിരുത്തലും അപാകതകൾ | 1-38 |
| 39 | ട്രഷറി ബിൽബുക്ക് പ്രകാരം മാറിയ തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 1-39 |
| 40 | ന്യൂട്രിമിക്സ് - ഭക്ഷ്യ സുരക്ഷാ നിയമവ്യവസ്ഥകൾ ലംഘിച്ച് വിതരണം നടത്തുന്നു | 1-40 |
| | | |

| | | |
|---|---|---|
| 41 | സ്പീച്ച് ബിഹേവിയറൽ ഒക്യുപേഷൻ തെറാപ്പി-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-41 |
| 42 | ജാഗ്രത സമിതി - പ്രവർത്തനം ഊർജ്ജിതമാക്കണം | 1-42 |
| 43 | മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പാക്കി | 1-43 |
| 44 | ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-44 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| 45 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 46 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 49 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 53 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| 56 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഭരണസമിതിയുടെ 27.03.2018-ാം തീയതിയിലെ 11(1)ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 27.02.2019 ലെ 1(1)ാം നമ്പർ തീരുമാനപ്രകാരം

അംഗീകരിച്ചു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റ് അന്വേഷണം നം. 6/18-19, 15.7.2020, 17/18-19, 16.7.2020 എന്നിവയിലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടിയോ ബന്ധപ്പെട്ട ഫയലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ, ഘടകസ്ഥാപനങ്ങൾ സമർപ്പിച്ച പ്രൊപ്പോസലുകളുടെ ക്രോഡീകരണം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം എന്നിവയ്ക്ക് നിയതമായ സമയക്രമവും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടോയെന്നത് പരിശോധനാവിധേയമാക്കിയിട്ടില്ല.

<u>ബജറ്റിൽ വകയിരുത്താതെ ചെലവഴിച്ചു</u>

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 73 പ്രകാരം ഉചിതമായ ബജറ്റ് വകയിരുത്തൽ ഇല്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. പ്രസ്തുത നിർദേശം പാലിച്ച് തുക ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു.

| ഹെഡ് കോഡ് | ചെലവിനം | ചെലവഴിച്ച തുക |
|---|---|---|
| 250100201 | കൃഷിയും അനുബന്ധ പദ്ധതികളും | 1103462 |
| 250100301 | കാർഷിക വികസന പദ്ധതി-ജനറൽ | 470800 |
| 250100501 | ഡയറി ഡെവലപ്മെന്റ് | 400000 |
| 250100801 | കാർഷികം-വാട്ടർ ഷെഡ് മാനേജ്മെന്റ് | 252734 |
| 250103901 | അനിമൽ ഹസ്ബൻഡറി | 95000 |

ഒരു സാമ്പത്തിക വർഷത്തെ വരവ് ചെലവുകൾ ബജറ്റിനെ അടിസ്ഥാനമാക്കിയുള്ളതാകയാൽ ആയത് തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും ചെലവുകൾ നടത്തുന്നതിനും ഭരണസമിതി ജാഗ്രത പുലർത്തേണ്ടതും കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 72,73,74 ലെ നിർദേശങ്ങൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 25.04.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,99,37,665.00 |
| വരവ് | 13,26,81,698.00 |
| | |

| | |
|---|---|
| ആകെ | 15,26,19,363.00 |
| ചെലവ് | 12,19,03,900.00 |
| നീക്കിയിരിപ്പ് | 3,07,15,463.00 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 23786035 | 23786035 | 23786035 | 0 |
| എസ്.സി.പി | 0 | 5294979 | 5294979 | 5294979 | 0 |
| ടി.എസ്.പി | 0 | 227335 | 227335 | 227335 | 0 |
| സി.എഫ്.സി | 0 | 11498716 | 11498716 | 11498716 | 0 |
| ബി ഫണ്ട് | 0 | 1445480 | 1445480 | 1445480 | 0 |
| മെ. റോഡ് | 0 | 14013000 | 14013000 | 14013000 | 0 |
| മെ. റോഡിതരം | 0 | 5341000 | 5341000 | 5341000 | 0 |
| പൊതു അവശ്യ ഗ്രാന്റ് | 440804 | 20004180# | 20444984 | 17400702 | 3044282 |
| എൻ.ആർ.ഇ.ജി.എസ് | 1107 | 917357 | 918464 | 898966 | 19498 |
| Own | 16236116 | 10795955 | 27032071 | 6560186 | 20471885 |
| icds | 848437 | 1644014 | 2492451 | 693778 | 1798673 |
| TSC | 2286450 | 1864473 | 4150923 | 92365 | 4058558 |
| Central Grant | | 534085 | 534085 | 534085 | 0 |
| Relief | 53993 | 40487 | 94480 | 2977 | 91503 |
| Life | | 25777235 | 25777235 | 25739336 | 37899 |
| Treasury Own | 24727 | 0 | 24727 | 00 | 24727 |
| SSA | 139513 | 0 | 139513 | 0 | 139513 |
| Suchithwa Mission | 107635 | 0 | 107635 | 107635 | 0 |
| സംയുക്ത പ്രോജക്ട് | 201117 | 9497367* | 9296250 | 8267325 | 1028925 |

# Redemption (6487383)

* Redemption (4376220)

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | നടപ്പാക്കിയത് (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 154080774 | 155 | 96543905 | 0 | 20 | 88 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1107 | 917357 | 918464 | 898966 | 19498 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42485000 | 42485000 | 42485000 | 0 |
| ആകെ | 1107 | 43402357 | 43403464 | 43383966 | 19498 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8,91,480/- | 929 |
| കർഷകതൊഴിലാളി പെൻഷൻ | 47,25,300/- | 372 |
| വിധവാപെൻഷൻ | 1,90,46,900/- | 1556 |
| വാർദ്ധക്യകാലപെൻഷൻ | 3,35,26,300/- | 2671 |
| വികലാംഗപെൻഷൻ | 60,96,600/- | 563 |
| വിധവകളുടെ പെൺമക്കൾക്കുള്ളധനസഹായം | 5,10,000/- | 17 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 10,18,200/- | 80 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2020ന്ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ഉച്ചയ്ക്ക് ശേഷം 4 മണിക്ക് നടത്തുകയുണ്ടായി. പരിശോധനയിൽ 34,503/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

(എ) ഫണ്ട് വിനിയോഗം

റവന്യൂ ചെലവുകളിൽ ഓരോവർഷവും വർധന ഉണ്ടാകുന്നുണ്ട് എന്നാൽ ക്യാപിറ്റൽ ചെലവുകൾ ക്രമമായി കുറയുകയും ചെയ്യുന്നു. പ്ലാൻ ഫണ്ടിലെ STP ഫണ്ട് ഒഴികെയുള്ള ചെലവുകൾ 90 ശതമാനത്തിനു മുകളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലും 80 ശതമാനത്തിനു താഴെയാണ് ചെലവ് വന്നിട്ടുള്ളത്. വികസനഫണ്ടിന്റെ ആകെ ചെലവുകളിൽ 66.8ശതമാനവും സേവന മേഖലയിലാണ് നടത്തിയിട്ടുള്ളത്. കൃഷി, ജലസംരക്ഷണം, വ്യവസായം തുടങ്ങിയവ ഉൾപ്പെടുന്ന ഉത്പാദന മേഖലയിലെ ചെലവ് വെറും 15.8 ശതമാനം മാത്രമാണ്. 2016-17 മുതൽ പഞ്ചായത്ത് ഫണ്ട് ക്രമമായി കുറഞ്ഞു വരുന്നു. പഞ്ചായത്തിലെ മൂലധനത്തിൽ ക്രമമായ കുറവ് കാണുന്നു. വരവിനേക്കാൾ കൂടുതൽ ചെലവുകൾ ചെയ്യുന്നതിനാലാണ് ഇത്തരത്തിൽ സംഭവിക്കുന്നത്.

SCP ഫണ്ടിൽ നിന്നും SSA പദ്ധതിക്കായി പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി തുക വകയിരുത്തിയില്ല. വനിതാ ഘടക പദ്ധതിയിൽ സർക്കാർ നിർദേശപ്രകാരമുള്ള വകയിരുത്തൽ നടത്തിയില്ല.

(ബി) പദ്ധതി രൂപീകരണം, നിർവ്വഹണം

(i)വിവിധ മേഖലകളിലെ പദ്ധതി ആസൂത്രണത്തിലും തിരഞ്ഞെടുപ്പിലും ഗ്രാമസഭകളിൽ വേണ്ടത്ര ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടാകുന്നില്ല, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കരട് പ്രോജക്ട് നിർദേശങ്ങൾ തയ്യാറാക്കി അടങ്കൽ തുക നിശ്ചയിക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല. മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തുകയുടെ ഇരട്ടിയിലധികം തുക വകയിരുത്തുകയും അപ്രകാരം വകയിരുത്തിയ തുക മറ്റ് ആസ്തി ആർജ്ജിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കപ്പെടാതെ പാഴായിപ്പോകുന്ന അവസ്ഥയും സംജാതമായി.

(ii)ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി പദ്ധതി പണം ഉപയോഗിച്ച് നിലം ഉൾപ്പെടുന്ന ഭൂമി വാങ്ങി.

(iii) സ്പീച്ച് ബിഹേവിയറൽ ഒക്യുപേഷൻ തെറാപ്പി പദ്ധതിയ്ക്ക് വകയിരുത്തിയതിന്റെ 12% മാത്രം തുക ചെലവഴിച്ചു. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും സാധിച്ചില്ല.

(iv) മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പദ്ധതികൾ നടപ്പാക്കിയതിൽ പഞ്ചായത്ത് കമ്മിറ്റിയ്ക്കും പ്രൊക്യൂർമെന്റ് കമ്മിറ്റിക്കും ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല.

(v) ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള തുകകൾ ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഇല്ലാതെയും, കരാറിൽ ഏർപ്പെടാതെയും നൽകിയിരിക്കുന്നു.

(സി) തനത് വരവ് ഈടാക്കുന്നതിൽ പാളിച്ചകൾ

തനത് വരവ് തുകകൾ അതാത് ദിവസം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. പലിശയിനത്തിലുള്ള വരവ് കുറയുന്നതിന് ഇത് കാരണമാകുന്നു. നികുതി വരവിന്റെ ഡിമാന്റ് വർദ്ധിക്കുന്നുണ്ടെങ്കിലും

പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. പെർമിറ്റ് ഫീ കണക്കാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല.

(ഡി) തനതു ചെലവുകൾ

തനതു ചെലവു വൗച്ചറുകൾക്കൊപ്പം ചെലവു സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ഒരേ ഇനത്തിന് ഒന്നിലധികം തവണ തുക ചെലവഴിച്ചിരിക്കുന്നു.

കൺസൾട്ടന്റ് നിയമനത്തിൽ സർക്കാർ ഉത്തരവ് ലംഘിച്ച് തുക ചെലവഴിച്ചിട്ടുണ്ട്.

(ഇ) AMC കരാറുകളിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പഞ്ചായത്തിന് ഗുണകരമാകുന്ന രീതിയിൽ സ്റ്റാൻഡ്ബൈ, സർവീസ് കോൾ റെസ്പോൺസ് ടൈം, കരാർ ലംഘനത്തിനുള്ള ശിക്ഷ വ്യവസ്ഥ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

(എഫ്) യാത്രാബത്ത അനുവദിക്കുന്നതിൽ അപാകതകൾ

ഔദ്യോഗിക മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയും പഞ്ചായത്ത് ചുമതലപ്പെടുത്താത്ത യാത്രകൾ നടത്തിയതിനും യാത്രാബത്ത അനുവദിച്ചു. 2,000/- രൂപയിൽ കൂടുതലുള്ള യാത്രാബത്ത സെക്രട്ടറി സെൽഫ് ചെക്ക് എഴുതി ക്യാഷ് ആയി മാറി വിതരണം ചെയ്യുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2/2020 | 1/2020 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.2.2016 മുതൽ 26.02.2016 വരെ | 2010-11 മുതൽ 2014-15വരെ | റിപ്പോർട്ട് ലഭ്യമായില്ല |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ


- സർക്കാർ നിർദേശ പ്രകാരം PWD ക്ക് കൈമാറിയ 5,80,000/-രൂപ നിക്ഷേപ പ്രവൃത്തി അല്ലെങ്കിലും നിക്ഷേപ പ്രവൃത്തിയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ച് 22.072019 ൽ കെ.എസ്.എ.റ്റി.വി.എം./ ജി.പി6/1229/2019 -ാം നം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതും അപാകതകൾ അറിയിച്ചിട്ടുള്ളതുമാണ്.

# 1-12 പഞ്ചായത്ത് ഫണ്ട് ക്രമമായി കുറഞ്ഞു വരുന്നു - വരവുചെലവുകൾ ക്രമപ്പെടുത്തേണ്ടതാണ്

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിവിധ തലങ്ങളിൽ (വരവ്, ചെലവ്) നടത്തിയ സാമ്പത്തിക ഇടപെടലുകളുടെയും ഇടപാടുകളുടെയും അവയുടെ പ്രതിഫലനങ്ങളുടെയും അവലോകനം താഴെ ചേർക്കുന്നു.

(a) നികുതി പിരിവ് (കറന്റ്)




നികുതി ഡിമാൻഡ് ഓരോവർഷവും വർദ്ധിക്കുന്നുവെങ്കിലും മുഴുവൻ നികുതിയും അതേവർഷംതന്നെ പിരിച്ചെടുത്തിട്ടില്ല. മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 വർഷത്തിൽ നികുതി പിരിവിന്റെ ശതമാനം വർദ്ധിച്ചിട്ടുണ്ട്.

ശിപാർശകൾ

- നികുതിപിരിവ് 100ശതമാനം ആക്കാൻ ശ്രമിക്കേണ്ടതാണ്.

(b) പ്ലാൻ നോൺ പ്ലാൻ ചെലവ്

| ഫണ്ട് | വരവ് (ACR പ്രകാരം) | ചെലവ് | ശതമാനം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 2,62,41,087/- | 2,37,86,035/- | 90.64 |
| SCP | 55,68,000/- | 52,94,979/- | 95.1 |
| TSP | 3,44,000/- | 2,27,335/- | 66.09 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1,21,83,000/- | 1,14,98,716/- | 94.38 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 1,40,13,000/- | 1,40,13,000/- | 100 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 53,41,000/- | 53,41,000/- | 100 |

- മെയിന്റനൻസ് ഫണ്ട് - റോഡ്, മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് എന്നിവയിൽ 100ശതമാനം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുഴുവൻ തുകയും ചെലവഴിച്ചത് ശ്ലാഘനീയമാണ്.
- പ്ലാൻ ഫണ്ടിലെ TSP ഫണ്ട് ഒഴികെയുള്ള ചെലവുകൾ 90 ശതമാനത്തിനു മുകളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ TSPഫണ്ട് ചെലവ് 66.09ശതമാനം മാത്രമാണ്. പ്രത്യേക വിഭാഗത്തിനായി മാറ്റി വെച്ചിട്ടുള്ള ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാത്തതു വീഴ്ചയാണ്.

ശിപാർശകൾ

- ഫണ്ടുകൾ പൂർണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(c) വികസന ഫണ്ട് - മേഖലാ ചെലവുകൾ - വകയിരുത്തൽ


| മേഖല | വകയിരുത്തിയത് | ചെലവ് | ശതമാനം |
|---|---|---|---|
| ഉത്പാദനം | 86,72,759/- | 64,50,431/- | 74.38 |
| സേവനം | 3,51,24,223/- | 2,72,58,074/- | 77.6 |
| പശ്ചാത്തലം | 92,44,163/- | 70,98,560/- | 76.79 |

ഉത്പാദനം, സേവനം, പശ്ചാത്തലം മൂന്ന് മേഖലകളിലും 80 ശതമാനത്തിനു താഴെയാണ് ചെലവ് വന്നിട്ടുള്ളത്. വകയിരുത്തിയ ഫണ്ടിന്റെ 20 ശതമാനത്തിനടുത്തുള്ള തുക പാഴായിപ്പോയി.

ശിപാർശകൾ

- ഫണ്ടുകൾ പൂർണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(d) വികസന ഫണ്ട് - മേഖലാ ചെലവുകൾ - നിലവാരം





ആകെ ചെലവുകളിൽ 66.8ശതമാനം ചെലവും സേവന മേഖലയിലാണ് നടത്തിയിട്ടുള്ളത്. കൃഷി, ജലസംരക്ഷണം, വ്യവസായം തുടങ്ങിയവ ഉൾപ്പെടുന്ന ഉത്പാദന മേഖലയിലെ ചെലവ് വെറും 15.8 ശതമാനം മാത്രമാണ്. ആസൂത്രണ മാർഗ്ഗരേഖ അനുസരിച്ച് വികസന ഫണ്ടിന്റെ കുറഞ്ഞത് 30 ശതമാനം തുക ഉൽപ്പാദന മേഖലക്കായി വകയിരുത്തി ചെലവഴിക്കേണ്ടതാണ്. എന്നാൽ ഇവിടെ അതിന്റെ പകുതി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ശിപാർശകൾ

- സർക്കാർ നിർദേശമനുസരിച്ചുള്ള രീതിയിൽ മേഖല അടിസ്ഥാനത്തിലുള്ള ചെലവുകൾ നടത്തേണ്ടതാണ്

(e) ക്യാപിറ്റൽ -റവന്യൂ ചെലവുകൾ





2016-17 മുതൽ റവന്യൂ ചെലവുകളിൽ ഓരോവർഷവും വർധന ഉണ്ടാകുന്നുണ്ട്. അതനുസരിച്ച് ക്യാപിറ്റൽ ചെലവുകൾ ക്രമമായി കുറയുകയും ചെയ്യുന്നു. ആസ്തി സൃഷ്ടിക്കുന്ന ചെലവുകൾ 2016 17 മുതൽ കുറയുന്നതായി കാണാവുന്നതാണ്.

<u>ശിപാർശകൾ</u>

- ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ കൂടുതലായി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>(f) പഞ്ചായത്ത് ഫണ്ട് - വരുമാന കമ്മി</u>




2016-17 മുതൽ ഓരോ വർഷവും വരുമാന കമ്മിയിൽ വ്യതിയാനം ഉണ്ടാകുന്നുണ്ട്. 2017-18 വർഷങ്ങളിൽ വരുമാന കമ്മി 50 ലക്ഷത്തിലേറെ ആണ്. അതായത് പ്രസ്തുത വർഷങ്ങളിൽ വരവിനേക്കാൾ അധികമായി ചെലവു ചെയ്തു. 2016-17 മുതൽ പഞ്ചായത്ത് ഫണ്ട് ക്രമമായി കുറഞ്ഞു വരുന്നു. പഞ്ചായത്തിലെ മൂലധനത്തിൽ ക്രമമായ കുറവ് കാണുന്നു. വരവിനേക്കാൾ കൂടുതൽ ചെലവുകൾ ചെയ്യുന്നതിനാലാണ് ഇത്തരത്തിൽ സംഭവിക്കുന്നത്. പഞ്ചായത്ത് ഫണ്ട് കുറഞ്ഞു വരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത ഇല്ലായ്മയാണ് സൂചിപ്പിക്കുന്നത്.

<u>ശിപാർശകൾ</u>

- പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. അതിനായി വരവുകൾക്കു അനുസൃതമായി ചെലവുകൾ ക്രമീകരിക്കേണ്ടതാണ്.
- ബജറ്റ് വകയിരുത്തലുകൾ കൃത്യമായി പിന്തുടരേണ്ടതാണ്

# 1-13 തനത് ഫണ്ട് വരവ് അക്കൗണ്ട് ചെയ്യുന്നതിൽ

# അപാകതകൾ

തനത് ഫണ്ട് വരവുകൾ നിക്ഷേപിക്കുന്നതിനായി അരുവിക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടിൽ ക്രയവിക്രയ നടപടികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വരവ് തുകകൾ ക്രെഡിറ്റ് ചെയ്യുന്നതിൽ കാലതാമസം

തനത് വരവ് തുകകൾ അതാത് ദിവസം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. ഭൂരിഭാഗം ഒടുക്ക് വിവരവും മാനുവലായി പാസ്സ് ബുക്കിൽ അതാത് ദിവസം രേഖപ്പെടുത്തുകയും ആയതിന് രസീത് നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇലക്ട്രോണിക് സ്റ്റേറ്റ്മെന്റിലെ തീയതി വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| തീയതി | തുക | രസീത് നം. തീയതി | ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്ത തീയതി | |
|---|---|---|---|---|
| | | | പാസ്സ് ബുക്ക് | ഇലക്ട്രോണിക് സ്റ്റേറ്റ്മെന്റ് |
| 1.12.2018 | 13208 | 4000/1.12.2018 | 1.12.2018 | 17.12.2018 |
| 3.12..2018 | 26011 | 4025/3.12.2018 | 3.12.2018 | 17.12.2018 |
| 13.12.2018 | 36253 | 4271/13.12.2018 | 13.12.2018 | 28.12.2018 |
| 17.12.2018 | 46020 | 4328/17.12.2018 | 17.12.2018 | 23.12.2018 |
| 10.01.2019 | 20540 | 4577/10.01.2019 | 10.01.2019 | 20.01.2019 |
| 22.01.2019 | 20967 | 4999/22.02.2019 | 31.01.2019 | 31.01.2019 |

2. അതാത് ദിവസത്തെ വരവ് ക്രമാനുഗതമായി രേഖപ്പെടുത്താതെ മുൻഗണനാക്രമം തെറ്റിച്ചും അക്കൗണ്ട് ചെയ്തിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഡേ ബുക്ക് പ്രകാരം വരവ് തീയതി | ബാങ്കിന്റെ രസീത് പ്രകാരം തുക ഒടുക്കിയ തീയതി | ഇലക്ട്രോണിക് സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൗണ്ടിംഗ് തീയതി | തുക |
|---|---|---|---|
| 13.12.2018 | 13.12.2018 | 28.12.2018 | 36325 |
| 15.12.2018 | 15.12.2018 | 17.12.2018 | 56800 |
| 26.12.2018 | 26.12.2018 | 31.12.2018 | 10279 |
| 27.12.2018 | 27.12.2018 | 27.12.2018 | 30753 |

3. 18.02.2019 ൽ ഡേ ബുക്ക് പ്രകാരമുള്ള വരവ് 2,013/- രൂപ രസീത് നം. 5515/19.02.2019 പ്രകാരം ബാങ്കിൽ ഒടുക്കിയെങ്കിലും അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായി പാസ്സ് ബുക്കിലും സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിട്ടില്ല.

Kerala Treasury Code Rule 92 (a) 5 ലെ വ്യവസ്ഥ പ്രകാരം ബാങ്കിൽ അടയ്ക്കുന്ന തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നു എന്ന് സ്ഥാപനം ഉറപ്പാക്കേണ്ടതുണ്ട്. അതിനായി മേൽ വിഷയങ്ങൾ ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുന്നതിനും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10/17.7.2020) മറുപടി ലഭ്യമാക്കിയില്ല.

നിക്ഷേപ തീയതി മുതൽ പലിശ കണക്കാക്കുമെന്നിരിക്കെ മേൽ നടപടികൾ മൂലം നഷ്ടം സംഭവിക്കുന്നുണ്ടോ എന്നത് പരിശോധിച്ച് അർഹമായ പലിശ ലഭ്യമാകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും സത്വര നടപടി സ്വീകരിക്കേണ്ടതാണ്. മേൽ ക്രമ നമ്പർ 3 ൽ പരാമർശിച്ച തുക ക്രെഡിറ്റ് ചെയ്ത വിവരങ്ങൾ അറിയിക്കുന്നതോടൊപ്പം ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതുമാണ്.

# 1-14 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്-വരുമാനത്തിൽ ചോർച്ച

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം 2 ചട്ടം11 (3) പ്രകാരം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും II-ാം പട്ടികയിൽ നിർദേശിച്ചിട്ടുള്ള നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുമാണ്.

കാറ്റഗറി 1 ഗണത്തിൽപ്പെട്ട അരുവിക്കര ഗ്രാമപഞ്ചായത്തിൽ വാസഗൃഹങ്ങൾക്ക് തറ വിസ്തീർണ്ണം 150 ച.മീ വരെ ചതുരശ്ര മീറ്ററിനു 2.50/-രൂപയും അതിന് മുകളിൽ ചതുരശ്ര മീറ്ററിനു 5/-രൂപ നിരക്കും വാണിജ്യാവശ്യങ്ങൾക്കുള്ളവയ്ക്ക് ചതുരശ്ര മീറ്ററിനു 7/-രൂപ നിരക്കിലുമാണ് ഈടാക്കേണ്ടത്.

എന്നാൽ സ്ഥാപനം ഹാജരാക്കിയ പെർമിറ്റ് രജിസ്റ്ററിൽ ക്രമ നം 232 മുതൽ 362വരെ ചേർത്തിരിക്കുന്നവയിൽ ചുവടെ ചേർത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പെർമിറ്റ് ഫീ കണക്കാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| ഫയൽ നം/ തീയതി | ഉടമസ്ഥന്റെ പേര് വിവരം | കെട്ടിടത്തിന്റെ വിനിയോഗം | വിസ്തൃതി/ നിരക്ക് | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 6598/ 29.09.2018 | ജി.മാധവൻകുട്ടി കാവിൽവീട് കൊച്ചുകോണം ചെറിയകൊണ്ണി | പാർപ്പിടം | 98.92 ച.മീ/ 2.50/-രൂപ | 157/- | 248/- |
| 6881/ 11.10.2018 | ഷിബു.എസ് ഷിബു വിലാസം തോട്ട്മുക്ക്. | പാർപ്പിടം | 160.78ച.മീ/ 5/-രൂപ | 170/- | 804/- |
| 6981/ 15.10.2018 | സനൽകുമാർ ഹർഷം കുറിഞ്ചിലക്കോട് | പാർപ്പിടം | 241.5ച.മീ/ 5/-രൂപ | 260/- | 1208/- |
| 7378/ 30.10.2018 | എഡ്വാർഡ്.റ്റി ആർച്ച് ഹൗസ് മുളയറ | നോൺ-റസിഡൻഷ്യൽ | 40.09ച.മീ/ 7/-രൂപ | 147/- | 281/- |
| 7551/ 07.11.2018 | റ്റി.ചന്ദ്രബാബു സന്തോഷ് ഭവൻ ഇരുമ്പ,അരുവിക്കര | പാർപ്പിടം | 42.24 ച.മീ/ 2.50/-രൂപ | 70/- | 106/- |
| 8299/ | അജിത്ത് കുമാർ.വി | പാർപ്പിടം | 385.32ച.മീ/ | 963/- | 1927/- |

| | | | | | |
|---|---|---|---|---|---|
| 1.12.2018 | ശ്രീഗൗരി,<br>മുക്കോല | | 5/-രൂപ | | |
| 8307/<br>1.12.2018 | മിഥുൻ മോഹൻ കുമ്മിയിൽ മേക്കുംക്കര പുത്തൻ വീട്,ഇരുമ്പ | പാർപ്പിടം | 278ച.മീ/<br>5/-രൂപ | 344/- | 1390/- |
| 8405/<br>6.12.2018 | വിനോദ് കുമാർ.പി<br>കുര്യാത്തി,<br>മണക്കാട് | പാർപ്പിടം | 376 ച.മീ/<br>5/-രൂപ | 235/- | 1880/- |
| 8455/<br>10.12.2018 | ബിജു കുമാർ/അജിത<br>അജിത ഭവൻ<br>മണമ്പൂർ<br>ചെറിയകൊണ്ണി | പാർപ്പിടം | 244.24ച.മീ/<br>5/-രൂപ | 305/- | 1222/- |
| 8462/<br>12.12.2018 | രജിത.സി.ആർ<br>കാവിൻമുഖത്ത് വീട്<br>മണമ്പൂർ<br>ചെറിയകൊണ്ണി | പാർപ്പിടം | 269.8ച.മീ/<br>5/-രൂപ | 337/- | 1349/- |
| 8501/<br>13.12.2018 | ബിജു.എം.അലി<br>ഐഷാ മൻസിൽ<br>വളവെട്ടി,<br>അഴിക്കോട് | പാർപ്പിടം | 326.52ച.മീ/<br>5/-രൂപ | 816/- | 1633/- |
| 8521/<br>13.12.2018 | സരിത.എ<br>നന്ദനം<br>പാറക്കോണം<br>മൈലം | പാർപ്പിടം | 369.2ച.മീ/<br>5/-രൂപ | 418/- | 1846/- |
| 8531/<br>15.12.2018 | അലക്സാണ്ടർ.പി.എം<br>ബിൻ ഭവൻ<br>ആനമുഖത്ത്മുകൾ<br>ഇറയംക്കോട്<br>ചെറിയകൊണ്ണി | പാർപ്പിടം | 53.94ച.മീ/<br>2.50/-രൂപ | 67/- | 135/- |
| 8688/<br>21.12.2018 | രാജേഷ്.എസ്<br>ബിന്ദു ഭവൻ<br>കോക്കോതമംഗലം<br>മുണ്ടേല | പാർപ്പിടം | 585.92ച.മീ/<br>5/-രൂപ | 1465/- | 2930/- |
| 8831/<br>29.12.2018 | എം.വിജയകുമാർ<br>ഹിമഗിരി<br>ഇറയംക്കോട്<br>ചെറിയകൊണ്ണി | പാർപ്പിടം | 144.03ച.മീ/<br>2.50/-രൂപ | 125/- | 360/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/17.07.2020) മറുപടി ഹാജരാക്കിയില്ല. കുറവായി ഈടാക്കിയ പെർമിറ്റ് ഫീ ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.

2018-19ലെ പെർമിറ്റ് നൽകിയ എല്ലാ ഫയലുകളും പരിശോധിച്ച് പെർമിറ്റ് ഫീ കുറവായി ഈടാക്കിയിട്ടുള്ള മുഴുവൻ കെട്ടിട ഉടമകളിൽ നിന്നും നിയമാനുസൃതമായ പെർമിറ്റ് ഫീ ഈടാക്കി തനതു ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-15 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ- തുടർ നടപടി സ്വീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(എ.എ) (4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് നം (എം.എസ്)170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് സൂക്ഷിക്കേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ല. ഇത്തരം അനധികൃത നിർമ്മാണങ്ങളിൻമേൽ സ്വീകരിച്ച തുടർ നടപടികൾ പരിശോധിക്കുന്നതിന് പ്രസ്തുത കെട്ടിടങ്ങളുടെ തരം, വിസ്തീർണ്ണം, നികുതി നിർണ്ണയം, നിലവിലത്തെ സ്ഥതി എന്നിവ ഉൾപ്പെടുന്ന ഫയലുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.8/17.07.2020 മുഖേന ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പൂർത്തിയാക്കിയ തീയതി | ഈടാക്കിയ നികുതി | അപാകത |
|---|---|---|---|---|---|
| 2016-17 | വിജയൻ .ആർ<br>സാഫല്യം<br>വെള്ളൂർക്കോണം | UA<br>AP/I-1 | 26.12.2016 | 469/-രൂപ | കെട്ടിട നിർമ്മാണ ചട്ട ലംഘനം |
| 2017-18 | പ്രമീള കുമാരി<br>ശ്രീഹരി<br>ഹരിമുഖം<br>കുളത്തുകാൽ | UA<br>XIV/130A | 14.11.2017 | 971/-രൂപ | കെട്ടിട നിർമ്മാണ ചട്ട ലംഘനം- കോടതി കേസ് നില നിൽക്കുന്നു |
| 2017-18 | രാധാകൃഷ്ണൻ<br>വൃന്ദാവൻ<br>മരുതംക്കോട്<br>അരുവിക്കര | UA<br>XVI/302<br>A | 11.05.2017 | 1,125/-രൂപ | കെട്ടിട നിർമ്മാണ ചട്ട ലംഘനം |

മേൽ വിഷയത്തിൽ സർക്കാർ ഉത്തരവ് നം. (എം.എസ്) 170/2016 തസ്വഭവ തീയതി 16.11.2016ഖണ്ഡിക (3) പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണവിവരം നിർമ്മാണത്തിന്റെ

സ്റ്റേജ് വ്യക്തമായി മനസിലാക്കുന്ന വിധം ഫോട്ടോയെടുത്ത് സൂക്ഷിക്കേണ്ടതും ആയത് ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

# 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ 2011, സ.ഉ(അ) നം 19/2011/തസ്വഭവ തീയതി 14.01.2011 ലെ പട്ടിക 1എന്നിവ പ്രകാരം മൊബൈൽ ടവറുകളിൽ നിന്ന് ഒരു ചതുരശ്ര മീറ്ററിനു 500/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. ആയതിനു കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/17.07.2020 നു മറുപടി ലഭ്യമാക്കിയില്ല.

| വാർഡ്/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | വർഷം | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 2/579/1 | Reliance Communications | 2018-19 (ll half) | 13,019/- |
| 13/277/2 | Reliance Communications | 2018-19 (ll half) | 7,560/- |
| 19/206/A | Reliance Infratel Ltd | 2018-19 (ll half) | 8,505/- |

ഇവ കൂടാതെ Indus towers Ltd, Tata Tele services എന്നീ സ്ഥാപനങ്ങളിൽ യഥാക്രമം 2013-14 മുതൽ 2017-18 വരെയും 2013-14 മുതൽ 2015-16 വരെയുമുള്ള കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതിയും കുടിശ്ശികയും ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 രസീതു ബുക്കുകൾ ഹാജരാക്കിയില്ല

വിവിധയിനം നികുതികൾ ഫീൽഡ് തലത്തിൽ പിരിച്ചെടുക്കുന്നതിന് (ഔട്ട് ഡോർ കളക്ഷൻ) ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 20(1) ൽ പഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്നു രേഖപ്പെടുത്തി രസീതു നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രസീതു ബുക്കുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ആയതിൽ 18056, 18059, 18063, 18066, 18075, 18076, 18077 എന്നീ നമ്പർ രസീതു ബുക്കുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 13(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 7(7) എന്നിവ പ്രകാരം ഓഡിറ്റിനു ചുമതലപ്പെട്ട ഓഡിറ്റർ എല്ലാ നികുതി വരവുകളും പരിശോധിക്കേണ്ടതാണ്.

രസീതു ബുക്കുകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/17.07.2020 നു മറുപടി ഹാജരാക്കിയിട്ടില്ല. മേൽ പരാമർശിച്ച രസീതു ബുക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 തൊഴിൽ നികുതിയും സ്ഥാപന നികുതിയും

# ഈടാക്കിയതിൽ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും)തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയതു സംബന്ധിച്ച രജിസ്റ്ററുകളുടെയും രസീതുകളുടെയും അനുബന്ധരേഖകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)<u>വ്യാപാരികളുടെ പേര് വിവരം അടങ്ങിയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.</u>

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങൾ വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയ രജിസ്റ്റർ/ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. 2018-19 വർഷത്തെ വ്യാപാരികളുടെ ലിസ്റ്റ് /രജിസ്റ്റർ ഓഡിറ്റ് വേളയിൽ ഹാജരാക്കാത്തതിനാൽ വ്യാപാരികളിൽ നിന്നും പിരിച്ചെടുത്ത തൊഴിൽ നികുതിയുടെ കൃത്യതയും കാര്യക്ഷമതയും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച 14.07.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1)മറുപടി നൽകുകയോ പ്രസ്തുത രജിസ്റ്റർ/ലിസ്റ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. വ്യാപാരികളുടെ രജിസ്റ്റർ/ലിസ്റ്റ് ഓരോ സാമ്പത്തിക വർഷവും തയ്യാറാക്കേണ്ടതും നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ വ്യാപാരികൾ/ വ്യക്തികൾ എന്നിവരിൽ നിന്നും ആയതു കൃത്യമായി പിരിച്ചെടുക്കേണ്ടതുമാണ്.

2) <u>ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല</u>

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2018-19 സാമ്പത്തിക വർഷത്തെ(രണ്ട് അർദ്ധവർഷത്തെയും)തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. 14.07.2020 ൽ നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിലൂടെ ആയതു ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയതു ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ വ്യാപാരികൾക്ക് 2018-19 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്നു ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം10 (1)പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/ വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതി വിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

3)<u>ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച</u>

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥാപനത്തിന്റെ /ഓഫീസിന്റെ പേര് | അർദ്ധവർഷം |
| ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | I, II അർദ്ധവർഷം |
| അസി.എഞ്ചിനീയർ ട്രാൻസ്മിഷൻ സർക്കിൾ, കെ.എസ്.ഇ.ബി, അരുവിക്കര | II അർദ്ധവർഷം |
| ബി.എസ്.എൻ.എൽ, അരുവിക്കര | II അർദ്ധവർഷം |
| കേരള ഗ്രാമീൺ ബാങ്ക്, അരുവിക്കര | II അർദ്ധവർഷം |
| ദേവസ്വം ബോർഡ് ഓഫീസ്, അരുവിക്കര | I, IIഅർദ്ധവർഷം |
| മുണ്ടേല ശ്രീ മഹാദേവ ക്ഷേത്രം ദേവസ്വം | I, IIഅർദ്ധവർഷം |
| അരുവിക്കര ശ്രീദേവി ക്ഷേത്ര ദേവസ്വം | I, IIഅർദ്ധവർഷം |
| അരുവിക്കര സർവ്വീസ് സഹകരണ ബാങ്ക്, കാച്ചാണി | I, II അർദ്ധവർഷം |
| ARRസ്കൂൾ, അഴിക്കോട് | I, IIഅർദ്ധവർഷം |
| ക്രെസന്റ് റസിഡെൻഷ്യൽ സ്കൂൾ, അഴിക്കോട് | I, IIഅർദ്ധവർഷം |

തൊഴിൽ നികുതി ഒടുക്കുന്നതിനു വീഴ്ച വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷനുകൾ 204, 205, 209ഇ, 210 എന്നിവയും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 13, 16, 24 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 14.07.2020 നു നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2018-19 വർഷത്തെ തൊഴിൽ നികുതി പിഴപലിശ സഹിതം ഈടാക്കി തനതു ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) <u>അർദ്ധവാർഷിക വരുമാന പത്രികകൾ ഹാജരാക്കിയിട്ടില്ല.</u>

നികുതി അടക്കേണ്ടതായ ജീവനക്കാരുടെ വരുമാനം, ഒടുക്കിയ തൊഴിൽ നികുതി എന്നിവ സൂചിപ്പിക്കുന്ന അർദ്ധവാർഷിക വരുമാന പത്രിക (രണ്ട് അർദ്ധവർഷത്തേയും) ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ആയതിനാൽ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കാണോ പിരിച്ചെടുത്തിട്ടുള്ളതെന്നും വരുമാനം നിശ്ചയിച്ചിട്ടുള്ളത് ശരിയായ രീതിയിലാണോയെന്നും ആ സ്ഥാപനത്തിലെ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി പിരിച്ചെടുത്തിട്ടുണ്ടോയെന്നും ആധികാരികമായി പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെഷൻ 205(എഫ്) പ്രകാരം ഓരോ ആഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിനു മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, ഈടാക്കിയതുക, ഏത് അർദ്ധവർഷത്തേക്ക് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ ഓഫീസിൽ നൽകേണ്ടതാണ്.

ഇതു സംബന്ധിച്ച് 14.07.2020ൽ നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ, ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

5) <u>സ്ഥാപന തൊഴിൽ നികുതിപിരിച്ചെടുത്തിട്ടില്ല</u>

2018-19 വർഷത്തിൽ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ് സ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ഫാർമേഴ്സ് സഹകരണ ബാങ്ക് അരുവിക്കര | അർദ്ധ വർഷം - II |
| ഇന്ത്യൻ ബാങ്ക് അരുവിക്കര | അർദ്ധ വർഷം - I & II |
| ഫാർമേഴ്സ് സഹകരണ ബാങ്ക് ചെറിയകൊണ്ണി | " |
| മുത്തൂറ്റ് ഫിൻകോർപ്പ് | " |
| മുത്തൂറ്റ് ഫിൻകോർപ്പ്, അഴീക്കോട് | " |
| അരുവിക്കര സർവീസ് സഹകരണ ബാങ്ക് ചെറിയകൊണ്ണി | " |
| മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ് കച്ചാണി അരുവിക്കര റോഡ് | " |
| കേരള ഗ്രാമീൺ ബാങ്ക് അരുവിക്കര | " |

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 5, 6 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓരോ അർദ്ധ വർഷവും സ്ഥാപനനികുതി ഈടാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് 14.07.2020 ൽ നൽകിയ 1-ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഒടുക്കു രസീതുകളുടെ വിവരം ഹാജരാക്കുകയോ ചെയ്തില്ല. സ്ഥാപന തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കി തനതു ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

തൊഴിൽ നികുതി പഞ്ചായത്തിന്റെ അതിപ്രധാന വരുമാന സ്രോതസ്സായതിനാൽ ആയതു കുറ്റമറ്റ രീതിയിൽ പിരിച്ചെടുക്കുന്നുവെന്നും ഉപോൽബലകമായ രേഖകൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

# 1-19 ഇ-ടെണ്ടർ ഫോറത്തിന്റെ വില /ടെണ്ടർ ഫീസ് വിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പദ്ധതികളുടെ വിവരങ്ങൾ, ടെണ്ടർ ഫോറവിലയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം.20/2020 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ടെണ്ടർ ഫോറവിലയിനത്തിൽ നാളിതുവരെ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു

ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2018-19 സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 3,86,767/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 3,868/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 തനത് ഫണ്ട് ചെലവ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 19/17.07.2020 (മറുപടി ലഭ്യമാക്കിയില്ല).

1. വൗച്ചർ നമ്പർ : 218000141ചെക്ക് നമ്പർ : 205 തീയതി : 03.05.2018തുക : 9,500/-

   പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള ബദാം മരം മുറിച്ചു മാറ്റുന്നതിന് 9,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരം മുറിക്കുന്നതിന് ട്രീ കമ്മിറ്റിയുടെ (സർക്കുലർ നം : 248/ആർ.സി.3/2016 /തസ്വഭവ തീയതി: 14.07.2017) അനുവാദം വാങ്ങിയിട്ടില്ല. വനംവകുപ്പ് പ്രസ്തുത മരത്തിന് വിലനിർണയം നടത്തിയിട്ടില്ല. മേൽപ്പറഞ്ഞ മരം ലേലം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ മരം മുറിച്ചു മാറ്റുന്നതിനായി ചെലവഴിച്ച 9,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. വൗച്ചർ നമ്പർ : 218000102 ചെക്ക് നമ്പർ : 5278354 തീയതി : 27.04.2018തുക : 22,758/-

   ഉഴമലയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷനിലെ സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് 16.03.2018 ലെ ഇലക്ട്രിസിറ്റി ബിൽ പ്രകാരം 27.4.2018 ൽ ചെക്ക് നമ്പർ : 5278354 പ്രകാരം 22,758/- രൂപ അടച്ചിട്ടുണ്ട്. എന്നാൽ ഇതേ (16.03.2018) ഇലക്ട്രിസിറ്റി ബിൽ തുക അടവാക്കുന്നതിലേക്കായി വൗച്ചർ നമ്പർ : 218000155/09.05.2018, ചെക്ക് നമ്പർ : 5278363 പ്രകാരം 22,758/-രൂപ വീണ്ടും ചെലവഴിച്ചു. തുക അടച്ചതിന്റെ രസീത് ഹാജരാക്കിയില്ല. ആയതിനാൽ തുക അടവാക്കിയ രസീത് ഹാജരാക്കേണ്ടതാണ്. അധികമായി അടച്ച തുക ഭാവിയിലെ ബിൽ തുകയിൽ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്. അതുവരെ 22,758/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

3. വൗച്ചർ നമ്പർ : 218000346 ചെക്ക് നമ്പർ : 1611തീയതി : 12.07.2018തുക : 12,940/-

   പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് പ്രീമിയം അടവാക്കിയ ഇനത്തിൽ 12,940/-രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കൈപ്പറ്റ് രസീത് പ്രകാരം ഇൻഷ്വറൻസ് പ്രീമിയം തുക 9,727/-രൂപയാണ്. 3,213/-രൂപ അധികമായി അടച്ചത് എന്തിനാണെന്ന് വ്യക്തമല്ല. കൂടാതെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ 12,940/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അധികമായി അടച്ച 3,213/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4. വൗച്ചർ നമ്പർ : 218000470 ചെക്ക് നമ്പർ : 991327തീയതി : 20.08.2018 തുക : 1,41,119/-

ഓഗസ്റ്റ് 2018 ലെ ഇലക്ട്രിസിറ്റി ബിൽ പ്രകാരം 1,38,799/-രൂപ അടക്കേണ്ടിയിരുന്നു. എന്നാൽ 1,41,119/-രൂപ അടച്ചു. ആയതിനാൽ അധികമായി അടച്ച 2,320/-രൂപ ഭാവിയിലെ ബിൽ തുകയിൽ ബിൽ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

5. വൗച്ചർ നമ്പർ : 21800547 ചെക്ക് നമ്പർ : 71032 തീയതി : 12.09.2018തുക : 4,68,151/-, വൗച്ചർ നമ്പർ : 218000548 തീയതി : 12.09.2018 തുക : 15,31,849/-

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുന്നതിലേക്കായി 20,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ദുരിതാശ്വാസ നിധിയിൽ ലഭിച്ചു എന്നത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. CMDRF ഡൊണേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

6. വൗച്ചർ നമ്പർ : 21800549 ചെക്ക് നമ്പർ : 1684 തീയതി : 14.09.2018 തുക : 4,192/-

അനൗൺസ്മെന്റിനായി വാഹനം വാടകയ്ക്ക് എടുത്ത വകയിൽ 4,192/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയില്ല. ട്രിപ്പ് ഷീറ്റ് ഹാജരാക്കേണ്ടതാണ്.

7. വൗച്ചർ നമ്പർ : 21800066 ചെക്ക് നമ്പർ : 71158തീയതി : 12.10.2018തുക : 64,112/-
ലൈബ്രറി സെസ് ഇനത്തിൽ 64,112/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.
8.

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ,തീയതി | ചെലവ് തുക |
|---|---|---|
| 218000913 | 1585, 10.02.2018 | 11,848/- |
| 218001066 | 2618, 11.01.2019 | 16,116/- |
| 21800111 | 2646, 12.04.2018 | 9,844/- |
| 218001265 | 2678, 12.04.2018 | 12,544/- |
| ആകെ | | 50,352/- |

പഞ്ചായത്തിലെ എൻജിനീയർക്ക് വേണ്ടി വാഹനം വാടകയ്ക്ക് എടുത്ത വകയിൽ മേൽപ്പറഞ്ഞ വൗച്ചറുകൾ മുഖേന തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത യാത്രകളുടെ ട്രിപ്പ് ഷീറ്റ്, ഡ്രൈവറെ തെരഞ്ഞെടുത്തത് സംബന്ധിച്ച ക്വട്ടേഷൻ/ടെൻഡർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ 50,352/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

9. വൗച്ചർ നമ്പർ : 218000952 ചെക്ക് നമ്പർ : 1599 തീയതി : 15.12.2018 തുക : 6,000/-

വസ്തുനികുതി സംബന്ധിച്ച അനൗൺസ്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് 6,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ 3,000/- രൂപ വാഹനം ഓടിയ വകയിൽ ചെലവഴിച്ചതാണ്. ട്രിപ്പ് ഷീറ്റ് പ്രകാരം ആകെ 90 കിലോമീറ്റർ ഓടിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സ.ഉ.(അച്ചടിച്ചത്) നം : 45/2018/ട്രാൻ തീയതി: 11.12.2018) പ്രകാരം 90 കിലോമീറ്റർ വാഹനം ഓടുന്നതിന് വാടകയിനത്തിൽ നൽകാവുന്ന പരമാവധി തുക 1,645/-രൂപ ആണ് (ആദ്യത്തെ 5കിലോമീറ്ററിനു 200/-രൂപയും അതിനുശേഷമുള്ള ഓരോ കിലോമീറ്ററിനും 17രൂപയും). ഇപ്രകാരം 1,355/-രൂപ അധികമായി ചെലവഴിച്ചു. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

10) വൗച്ചർ നമ്പർ : 218001277 ചെക്ക് നമ്പർ : 2682 തീയതി : 11.03.2019 തുക : 1,48,758/-

ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീമതി ഗിരിജാ കുമാരി, ലക്ഷംവീട്, അരുവിക്കര എന്ന വ്യക്തിയുടെ പേരിൽ 1,48,758/- (മുതൽ + പലിശ) സർക്കാരിലേക്ക് തിരിച്ച് അടച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗിരിജാ കുമാരി പഞ്ചായത്തിലേക്ക് അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത രേഖകൾ ഹാജരാക്കുന്നതുവരെ 1,48,758/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

11) താഴെപ്പറയുന്ന വൗച്ചറുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

1. വൗച്ചർ നമ്പർ : 218001268 ചെക്ക് നമ്പർ : 2679 തീയതി : 08.03.2019തുക : 6,404/-
2. വൗച്ചർ നമ്പർ : 218001269 ചെക്ക് നമ്പർ : 2679 തീയതി : 08.03.2019തുക : 2,000/-
3. വൗച്ചർ നമ്പർ : 218001270 ചെക്ക് നമ്പർ : 2679 തീയതി : 08.03.2019തുക : 489/-
4. വൗച്ചർ നമ്പർ : 218001271 ചെക്ക് നമ്പർ : 2679 തീയതി : 08.03.2019തുക : 167/-
5. വൗച്ചർ നമ്പർ : 218001272 ചെക്ക് നമ്പർ : 2679 തീയതി : 08.03.2019 തുക : 167/- ആയതിനാൽ 9,227/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-22 സേവനപുസ്തക പരിപാലനത്തിൽ അപാകതകൾ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 21/17.07.2020

പഞ്ചായത്തിലെ ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1. <u>സന്തോഷ് കുമാർ. ആർ , അപ്പർ ഡിവിഷൻ ക്ലാർക്ക്</u>

   18.8.2014 മുതൽ 22.11.2014വരെ 28 ദിവസത്തെ പരിവർത്തിത അവധി എടുത്തിട്ടുണ്ട്. എന്നാൽ 26 ദിവസത്തെ അവധി മാത്രമാണ് ആണ് അക്കൗണ്ട് ചെയ്തത്.

2. <u>ദീപ. ഐ ജൂനിയർ സൂപ്രണ്ട്</u>

-
    - 1.04.2013 മുതൽ 12.04.2013 വരെ ആർജിതാവധി എടുത്തിട്ടുണ്ടെങ്കിലും പ്രസ്തുത കാലയളവ് വീണ്ടും ആർജിത അവധി കണക്കാക്കുന്നതിന് പരിഗണിച്ചു.
    - മേല്പറഞ്ഞ വ്യക്തിക്ക് 20.06.2017ന ശേഷം ഇൻക്രിമെന്റ് തുടങ്ങിയ സർവീസ് ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

3. <u>ജീവ പി പി, ലോവർ ഡിവിഷൻ ക്ലാർക്ക്</u>

   16.02.2020 മുതൽ 19.03.2020 വരെ ഉള്ള 33 ദിവസത്തെ ആർജ്ജിതാവധി ഒരുമിച്ച് സറണ്ടർ ചെയ്തു നൽകി.

4. <u>ആശാലത, എൽ ആർ, ലോവർ ഡിവിഷൻ ക്ലാർക്ക്</u>

24.02.2020 മുതൽ 03.03.2020 വരെ അർദ്ധ വേതന അവധി ആയിരുന്നെങ്കിലും മേൽപ്പറഞ്ഞ കാലയളവ് ആർജ്ജിതാവധി കണക്കാക്കുന്നതിന് പരിഗണിച്ചു.

5. കേരള സർവീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 150 പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെ ഏപ്രിൽ മാസത്തിലും ജീവനക്കാരുടെ സേവന-വേതനങ്ങൾ പരിശോധിച്ച് സർവീസ് ബുക്കിൽ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല. ജീവനക്കാർ സ്ഥലംമാറ്റം ലഭിക്കുമ്പോഴോ അല്ലെങ്കിൽ ആർജിതാവധി സറണ്ടർ ചെയ്യുമ്പോഴോ മാത്രമാണ് സർവീസ് വെരിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നത്.

   മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

<u>ശിപാർശകൾ</u>

- ക്രമനമ്പർ 1 മുതൽ 4 വരെയുള്ള അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.
- ചട്ടപ്രകാരം സർവീസ് വെരിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 യാത്രാബത്ത ചട്ടവിരുദ്ധമായി അനുവദിക്കുന്നു

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 19/16.07.2020

വൗച്ചർ നമ്പർ : 218001533 ചെക്ക് നമ്പർ : 2692 തീയതി : 15.03.2019 തുക : 12,000/-

വൗച്ചർ നമ്പർ : 218001534 ചെക്ക് നമ്പർ : 2692 തീയതി : 15.03.2019 തുക : 23,040/-

വൗച്ചർ നമ്പർ : 218001376 ചെക്ക് നമ്പർ : 2693 തീയതി : 20.03.2019 തുക : 36,000/-

വൗച്ചർ നമ്പർ : 218001377ചെക്ക് നമ്പർ : 2693 തീയതി : 20.03.2019 തുക : 76,800/-

വൗച്ചർ നമ്പർ : 218000479, 218000480, 218000481, 218000482 ചെക്ക് നമ്പർ : 1659 തീയതി : 20.08.2018തുക : 1,39,800/-

വൗച്ചർ നമ്പർ : 218000485 ചെക്ക് നമ്പർ : 1661 തീയതി : 2308.2018 തുക : 16,400/-

- സർക്കാർ സർക്കുലർ നം : 20223/ പി3/98/തസ്വഭവ തീയതി: 14.12.1998 പ്രകാരം പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യങ്ങളുമായി ബന്ധപ്പെട്ട യാത്രകൾക്ക് മാത്രമേ യാത്രാബത്ത അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഇതിനു വിരുദ്ധമായി പഞ്ചായത്തിന്റെ ഔദ്യോഗിക കാര്യങ്ങൾ ആണെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിലുള്ള യാത്രകൾക്കും യാത്രാബത്ത അനുവദിച്ചു. ഉദാഹരണം ചുവടെ ചേർക്കുന്നു.
  - 
    - 2018 ആഗസ്റ്റ് മാസത്തെ യാത്രാബില്ലിലെ യാത്രകൾ.
      പേരൂർക്കട കെ.എസ്.ആർ.ടി.സി.യിൽ പോയത്.

- കളത്തുകാൽ വഴി പോകുന്ന ബസിന്റെ ഷെഡ്യൂൾ വെട്ടിക്കുറച്ചത് സംബന്ധിച്ച്. മൈലംമൂട് ബസ് പുനഃ സ്ഥാപിക്കുന്നതിന്.

- റോഡ് അളന്നു തിട്ടപ്പെടുത്തുന്നതിന് നെടുമങ്ങാട് താലൂക്ക് ഓഫീസിൽ പോയത്

- പഞ്ചായത്ത് മെമ്പർമാരുടെ പരിധിയിൽ വരാത്ത ഓഫീസ് പ്രവർത്തനങ്ങൾക്ക് യാത്ര നടത്തിയ വകയിൽ യാത്രാബത്ത അനുവദിച്ചു. ഉദാഹരണം
  - വാട്ടർ അതോറിറ്റിയിൽ എസ്റ്റിമേറ്റ് കൊടുക്കാൻ പോയി
  - പോസ്റ്റ് ഷിഫ്റ്റിംഗ് തീരുമാനം കൊടുക്കാൻ പോയി മുതലായവ

- വിവിധ ഔദ്യോഗിക മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത അനുവദിക്കാവുന്നതാണ്. എന്നാൽ ഇത്തരം മീറ്റിംഗുകളിൽ പങ്കെടുക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള കത്തുകൾ, മീറ്റിംഗുകളിൽ പങ്കെടുത്തു എന്നു കാണിക്കുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയില്ല.

- പഞ്ചായത്ത് ചുമതലപ്പെടുത്താത്ത യാത്രകൾ നടത്തിയതിന് യാത്രാബത്ത അനുവദിച്ചു.
- വെള്ളനാട് കെ.എസ്. ഇ. ബി. യിൽ ലൈൻ മാറ്റുന്നതിന് പോയി.
- ന്യൂനപക്ഷ ക്ഷേമ ഓഫീസിൽ പോയി.
- കളക്ടറേറ്റിൽ ആർ.ആർ. ഓഫീസിൽ പോയി.

- കുടിവെള്ള വിഷയവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിൽ പോയി.

ഇപ്രകാരം ആർ.ആർ. ഓഫീസ്, ന്യൂനപക്ഷക്ഷേമ ഓഫീസ് എന്നിവിടങ്ങളിലേയ്ക്കുള്ള യാത്രകൾക്ക് പഞ്ചായത്ത് ചുമതലപ്പെടുത്തിയ രേഖകൾ ലഭ്യമല്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം വിവിധതരത്തിലുള്ള അപാകതകൾ നിലനില്ക്കുന്ന വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>ശിപാർശകൾ</u>

- നിയമവിധേയമായ യാത്രകൾ മാത്രം ഉൾപ്പെടുത്തി യാത്രാബത്ത പുനർ നിർണയിച്ച് അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-24 ഓണറേറിയം, യാത്ര ബത്ത തുടങ്ങിയ ചെലവ് തുകകൾ ക്യാഷ് ആയി കൈമാറുന്നു

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 12/16.07.2020

ഭരണസമിതി അംഗങ്ങളുടെ യാത്രാബത്ത, ഓണറേറിയം എന്നിവ ക്യാഷ് ആയി നൽകി അക്വിറ്റൻസ് വാങ്ങി സൂക്ഷിക്കുന്നു. പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത എന്നിവ സെക്രട്ടറി സെൽഫ് ചെക്ക് എഴുതി ക്യാഷ് ആയി മാറി വിതരണം ചെയ്യുന്നു. ഒരു പഞ്ചായത്ത് മെമ്പറിന്റെ നിലവിലെ പരമാവധി ഓണറേറിയം 7,000/-രൂപയാണ്. സർക്കാർ ഉത്തരവ് G.O.(p)46/2016/ഫിൻ തീയതി 4.4.16 പ്രകാരം 2,000/-രൂപക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ചെക്ക് മുഖേന നൽകേണ്ടതാണ്. ഗുണഭോക്താക്കളുടെ തുക അവരുടെ അക്കൗണ്ടിൽ

നേരിട്ട് നൽകേണ്ടതുമാണ്. അതിനുശേഷമുള്ള നിരവധി ഉത്തരവുകളിലൂടെ മേല്പറഞ്ഞ നടപടി പാലിക്കാൻ ആവർത്തിച്ച് നിഷ്കർച്ചിട്ടുണ്ട്. എന്നിട്ടും ഇത്തരത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നത് ഉചിതമല്ല.

മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ശിപാർശകൾ

- ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും 2,000/- രൂപക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ചെക്ക്/ഡിബിടി വഴി നടത്തേണ്ടതുമാണ്.

# 1-25 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL21-P-3427നമ്പർ വാഹനത്തിന്റെ 2018-19 വർഷത്തെ ലോഗ് ബുക്ക് പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനത്തിൽ കെ.എഫ്.സി വാല്യം I പ്രകാരം, കെ.എഫ്.സി വാല്യം IIൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഭാഗങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.8.2018ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.6.2007ലെ സ.ഉ.(കൈ) 170/2007/തസ്വഭവ എന്ന ഉത്തരവിലെ മാർഗനിർദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. ലോഗ് ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല

വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരം ആണെന്ന് ബോധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2.രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ് ബുക്കിൽ നിർദിഷ്ട ഭാഗങ്ങളിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, വാഹനത്തിന്റെ തരം (Type of vehicle) എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ് .

3.ഇന്ധനം നിറയ്ക്കുന്ന സമയത്തെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

നിയന്ത്രണ ഉദ്യോഗസ്ഥന്റെ നേരിട്ടുള്ള മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണ അധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലോ ഇന്ധനം നിറക്കേണ്ടതാണ്. ഇന്ധനത്തിന്റെ ആകെ അളവ്, തീയതി, ഇന്ധനം നിറയ്ക്കുമ്പോൾ ഉള്ള കിലോമീറ്റർ റീഡിങ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻ ബാക്കി എന്നിവ ലോഗ് ബുക്കിൽ എഴുതിയതിനു ശേഷം ടാങ്ക് നിറക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗ പേരും, ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ വാഹനത്തിൻറെ ടാങ്ക് കപ്പാസിറ്റിയും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

4. മാസാന്ത്യ സംക്ഷിപ്തം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല

നിയന്ത്രണ അധികാരി മാസാന്ത്യ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ആയതിന്റെ കൃത്യത ബോധ്യപ്പെട്ടു സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5.പുക പരിശോധന നടത്തിയിട്ടില്ല

2018-19 കാലയളവിൽ വാഹനം പുക (Pollution Test) പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനങ്ങൾ സർക്കാരിന്റെ മാർഗനിർദേശ പ്രകാരം നിശ്ചിത ഇടവേളകളിൽ പുക പരിശോധനക്ക വിധേയമാക്കുന്നുണ്ട് എന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ സംബന്ധിച്ച് 14.07.2020ൽ നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ അപാകതകൾ ഒഴിവാക്കാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 എസ് എസ് എ വിഹിതം നൽകൽ - നിയതമല്ലാത്ത വകയിരുത്തൽ - പഞ്ചായത്ത് വിദ്യാഭ്യാസ സമിതി പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.07.2020
പദ്ധതി : 4/2019 - SSAവിഹിതം

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം,
അടങ്കൽ : 3,22,308/-, ചെലവ് : 3,22,308/-

ബിൽ നമ്പർ & തിയതി : 13/28.06.2018

പദ്ധതി : 50/2019 - SSAവിഹിതം

ഫണ്ട് : SCP, അടങ്കൽ : 4,00,000/-, ചെലവ് : 4,00,000/-

ബിൽ നമ്പർ & തിയതി : 29/17.09.2018

സമഗ്ര ശിക്ഷ അഭിയാൻ വിഹിതം കൈമാറുന്നതിനാണ് രണ്ട് പദ്ധതികൾ തയ്യാറാക്കിയത്. പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി ആസൂത്രണ മാർഗരേഖ സ.ഉ.(കൈ) നം : 11/2018/തസ്വഭവ തീയതി: 29.01.2018 പ്രകാരം SCP ഫണ്ടിൽ നിന്നും SSA പദ്ധതിക്കായി തുക വകയിരുത്തുമ്പോൾ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി വകയിരുത്തൽ നടത്തേണ്ടതാണ്.

   SSA യുടെ വിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് 1195വിദ്യാർത്ഥികൾ ഉള്ളതിൽ 150ൽ താഴെ പട്ടികജാതി വിദ്യാർത്ഥികൾ മാത്രമാണുള്ളത്. എന്നാൽ SSA വിഹിതമായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 3,22,308/- രൂപയും SCPഫണ്ടിൽ നിന്നും 4,00,000/-രൂപയും വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തു. അതായത് പൊതുവിഭാഗം വികസന ഫണ്ടിനെക്കാൾ ഉയർന്ന തുക SCP ഫണ്ടിൽ നിന്നും ചെലവഴിച്ചു. മാർഗരേഖ പ്രകാരം [(400000 + 322308 ÷1195) x 150 = 90,666/-, ആയിരത്തിന് ക്രമപ്പെടുത്തിയാൽ ഏകദേശം 91,000/-] മാത്രമാണ് SCP ഫണ്ടിൽ നിന്നും വകയിരുത്തേണ്ടിയിരുന്നത്.

ഇപ്രകാരം ഉയർന്ന തുക SCP ഫണ്ടിൽ നിന്നും വകയിരുത്തി ചെലവഴിക്കുമ്പോൾ പട്ടികജാതി വിഭാഗത്തിനായി ചെലവഴിക്കേണ്ട മറ്റു പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു.

2. മാർഗരേഖ പ്രകാരം SSA പദ്ധതികൾ വഴി അടയ്ക്കുന്ന തുക പ്രസ്തുത കാര്യത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരം യാതൊരു വിലയിരുത്തലുകളും പഞ്ചായത്ത് നടത്തുന്നില്ല. ഫണ്ട് കൈമാറുക എന്നതിനപ്പുറം യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിക്കുന്നില്ല. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളുന്നില്ല.

CWSN വിദ്യാർത്ഥികൾക്കായി 34,090/-രൂപയും പെൺകുട്ടികൾക്കുള്ള സ്വയം പ്രതിരോധ പരിശീലനത്തിനായി 9,544/-രൂപയും ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ നടന്നിട്ടുണ്ടോ എന്ന് പഞ്ചായത്ത് ഉറപ്പാക്കുന്നില്ല.

<u>ശിപാർശകൾ</u>

- സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള വകയിരുത്തലുകൾ നടത്തേണ്ടതാണ്.
- SSA പദ്ധതികൾ വഴി ചെലവഴിക്കുന്ന തുക പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, സ്കൂൾ മാനേജ്മെൻറ് സമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

# 1-27 വാർഷിക പരിപാലന ഉടമ്പടി (AMC)- ടെൻഡർ നടപടികൾ സ്വീകരിച്ചില്ല

പദ്ധതി : 5/2019 - AMCചാർജ് അടവാക്കൽ

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം,
അടങ്കൽ : 1,45,000/-, ചെലവ് : 1,30,276/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ & തിയതി :
41/19.01.2019 – 17,940/-,
54/14.03.2019 – 56,168/-,
55/14.03.2019 – 56,168/-

ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.07.2020

പഞ്ചായത്തിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, മൾട്ടി ഫംഗ്ഷൻ ഡിവൈസസ് (MFD), UPS എന്നിവയ്ക്കായി വിവിധ സ്ഥാപനങ്ങളുമായി AMCയിൽ ഏർപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>ഷാർപ്പ് - കെ.എം ടെക്നോളജിസ്</u>

MFDക്കായി കെ.എം. ടെക്നോളജിസുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിൽ സർവീസ് യഥാസമയം ലഭ്യമാക്കിയില്ലെങ്കിൽ ഉണ്ടാകേണ്ട ശിക്ഷാ വ്യവസ്ഥ ഉൾപ്പെടുത്തിയില്ല.

- സർവീസ് കോൾ റെസ്പോൺസ് ടൈം 12 മണിക്കൂർ ആണെങ്കിലും ആയത് നിരീക്ഷിക്കുന്ന ലോഗ് ബുക്കിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

2. <u>ഹൈക്കൺ UPS – ഹൈക്കൺ</u>

UPSനായി ഹൈക്കൺ കമ്പനിയുമായി AMCയിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ UPSനെ സംബന്ധിച്ച സീരിയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയില്ല.

- സർവീസ് യഥാസമയം ലഭ്യമാക്കിയില്ലെങ്കിൽ ഉണ്ടാകേണ്ട ശിക്ഷാ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയില്ല.
- UPS ഒരു പരിധിയിൽ കൂടുതൽ സമയം കേടായാൽ ലഭ്യമാക്കേണ്ട സ്റ്റാൻഡ് ബൈ സംവിധാനത്തെക്കുറിച്ച് വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയില്ല.
- സർവീസ് കോൾ റെസ്പോൺസ് ടൈം സംബന്ധിച്ച് വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയില്ല.

3. <u>കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - കെൽട്രോൺ</u>

പഞ്ചായത്തിലെയും ഘടക സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടുത്തി കെൽട്രോണുമായി AMCയിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിനായി 1,12,336/-രൂപ ചെലവഴിച്ചു.

- സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം: 1278/2016/തസ്വഭവ തീയതി: 18.03.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് അധിഷ്ഠിത ഉപകരണങ്ങളുടെ AMCക്കായി IKMനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ നടപടിക്രമം പാലിക്കാതെ ഗ്രാമപഞ്ചായത്തിലെ AMC കെൽട്രോണിനെ ചുമതലപ്പെടുത്തി.
    - സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖ. 7.8 പ്രകാരം ഒരു ലക്ഷത്തിലധികം രൂപ വില വരുന്ന വാങ്ങലുകൾക്ക് ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി നേരിട്ട് കരാറിലേർപ്പെട്ടു.
    - മുഴുവൻ ഘടക സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കരാറിൽ ഉൾപ്പെടുത്തിയില്ല.
    - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സീരിയൽ നമ്പർ തുടങ്ങിയ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

<u>ശിപാർശകൾ</u>

- സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തേണ്ടതാണ്.
- ഭാവിയിൽ കരാറിൽ ഏർപ്പെടുമ്പോൾ പഞ്ചായത്തിന് ഗുണകരമാകുന്ന രീതിയിൽ സ്റ്റാൻഡ്ബൈ, സർവീസ് കോൾ റെസ്പോൺസ് ടൈം, ശിക്ഷ വ്യവസ്ഥ എന്നിവ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

# 1-28 ISO കൺസൽട്ടേഷൻ - രേഖകളുടെ അഭാവത്തിൽ 15,000/- രൂപ തടസ്സപ്പെടുത്തുന്നു

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം

പദ്ധതി : 37/2019 – ISO കൺസൾട്ടേഷൻ

അടങ്കൽ : 20,000/-, ചെലവ് : 20,000/-

ബിൽ നമ്പർ & തീയതി : 20/27.07.2018 –6,000/-, 37/18.12.2018 – 10,000/-, 51/28.02.2019 - 4,000/-

പദ്ധതി : 38/2019 – ISOസർട്ടിഫിക്കേഷൻ

അടങ്കൽ : 30,000/-, ചെലവ് : 15,000/-

ബിൽ നമ്പർ & തിയതി : 56/14.03.2019

ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.07.2020

നിർവ്വഹണ ഉദ്യഗസ്ഥൻ: സെക്രട്ടറി

പഞ്ചായത്തിന് 04.11.2016 പ്രാബല്യത്തിൽ ISO സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി നടന്ന സർവെയ്ലൻസ് ഓഡിറ്റുമായി ബന്ധപ്പെട്ട ചെലവുകൾക്കാണ് രണ്ട് പദ്ധതികൾ രൂപീകരിച്ചത്.

1. സർവെയ്ലൻസ് ഓഡിറ്റ് നടത്തിയ വകയിൽ സർട്ടിഫിക്കേഷൻ ഏജൻസിക്കു 15,000/-രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ സർവെയ്ലൻസ് ഓഡിറ്റ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല. റിപ്പോർട്ടിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടി വിവരങ്ങളും ലഭ്യമാക്കിയില്ല.
2. സർക്കാർ ഉത്തരവ് GO(MS):18/2015/lsg. dtd 29.01.2015 പ്രകാരം സർവെയ്ലൻസ് ഓഡിറ്റിനായി പഞ്ചായത്തിനെ തയ്യാറാക്കുന്നതിനു കൺസൾട്ടന്റിനെ ആവശ്യമെങ്കിൽ നിയമിക്കാവുന്നതും കൺസൾട്ടന്റിനു 10,000/-രൂപ പ്രതിഫലം നൽകാവുന്നതുമാണ്. എന്നാൽ കൺസൾട്ടന്റിനു 20,000/-രൂപ പ്രതിഫലം നൽകി. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇപ്രകാരം തുക ചെലവഴിച്ചതിനാൽ 10,000/-രൂപയുടെ അധിക ചെലവുണ്ടായി.

മേൽപ്പറഞ്ഞ വസ്തുതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ആകെ ചെലവഴിച്ച 35,000/-രൂപയിൽ സർവൈലൻസ് ഓഡിറ്റിന് വേണ്ടി ചെലവഴിച്ച 15,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>ശുപാർശകൾ</u>

- സർവെയ്ലൻസ് ഓഡിറ്റ് റിപ്പോർട്ട് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
  വിവിധ പ്രവർത്തനങ്ങൾക്ക് സർക്കാർ പരിമിതപ്പെടുത്തിയ നിരക്കിൽ തുക ചെലവഴിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-29 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.07.2020

2018-19 വർഷം KWA, KSEB എന്നീ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്കുമായി ബന്ധപ്പെട്ട് ചുവടെപ്പറയും പ്രകാരം തുകകൾ കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | കൈമാറിയ ഏജൻസി | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ നമ്പർ & തിയതി |
|---|---|---|---|---|---|
| 1 | വട്ടക്കുളം കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – 51/19 | KWA | 224334, SCP | 223500 | 21/27.07.2018 |
| 2 | കടമ്പനാട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – 52/19 | KWA | 100000, SCP | 100000 | 22/27.07.2018 |
| 3 | കടയറ പാറയംവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – 80/19 | KWA | 100000, CFC | 100000 | 23/27.07.2018 |
| 4 | കടയറ പാറയംവിളാകം സ്ട്രീറ്റ് മെയിൻ നീട്ടൽ – 81/19 | KSEB | 150000, CFC | 150000 | 26/27.07.2018 |
| 5 | കുറുങ്ങോട് അംഗൻവാടി സ്ട്രീറ്റ് മെയിൻ നീട്ടൽ – 82/19 | KSEB | 25000, CFC<br>10250 - DF(G) | 30250 | 24/27.07.2018<br>ചെക്ക് നമ്പർ : 1559/27.07.2018 |
| ആകെ | | | | 603750 | |

മേൽ ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട്

- പഞ്ചായത്ത് ഏജൻസിയുമായി ചേർന്ന് തയ്യാറാക്കിയ കരാർ
- പൂർത്തീകരണ സർട്ടിഫിക്കറ്റ്.
- പെർഫോമൻസ് റിപ്പോർട്ട്.
- വിനിയോഗ സാക്ഷ്യപത്രം

എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കരാർ രേഖകൾ, പൂർത്തീകരണ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-30 ലൈറ്റ് സ്ഥാപിക്കൽ - രണ്ട് പദ്ധതികളിലൂടെ വ്യത്യസ്ത നിരക്കിൽ വാങ്ങൽ നടത്തി - സ്റ്റാൻഡേർഡ്സ് ഓഫ് ഫിനാൻഷ്യൽ പ്രൊപ്രൈറ്റി ലംഘിക്കപ്പെട്ടു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.07.2020

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്

| പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | ബിൽ നമ്പർ & തിയതി |
|---|---|---|---|
| മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ 85/2019 | 1750000 | 1109360 | 61/27.03.2019 |
| ഡാം പരിസരത്തു മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ 175/19 | 500000 | 339594 | 63/27.03.2019 |

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഏഴ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായാണ് 85/2019-ാം നമ്പർ പദ്ധതി രൂപീകരിച്ചത്. ആകെ ലഭിച്ച ഒൻപത് ടെൻഡറുകളിൽ ഏറ്റവും കുറഞ്ഞ ബിഡ് ആയ 1,58,480/- രൂപ ക്വാട്ട് ചെയ്തതത് ബോസ് ലൈറ്റ് എന്ന സ്ഥാപനം ആയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം ബിനാമി സ്ഥാപനം ആണെന്ന കാരണത്താൽ ഒഴിവാക്കി. ഏറ്റവും കുറഞ്ഞ രണ്ടാമത്തെ ബിഡ് (1,66,409/-രൂപ) ക്വാട്ട് ചെയ്ത സോളെൻ എനർജീസ് എന്ന സ്ഥാപനത്തെ ചർച്ചക്ക് വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്കായ 1,58,480/-രൂപ നിരക്കിൽ ലൈറ്റുകൾ വിതരണം ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. അപ്രകാരം സോളെൻ എനർജീസ് എന്ന സ്ഥാപനം ലൈറ്റുകൾ വിതരണം നടത്തുകയും ചെയ്തു.

ഡാം പരിസരത്ത് സ്ഥാപിക്കുന്നതിനായി രണ്ട് മിനിമാസ്റ്റ് ലൈറ്റുകൾ വാങ്ങുന്നതിനാണ് മറ്റൊരു പദ്ധതി (175/2019) രൂപീകരിച്ചത്. പ്രസ്തുത പദ്ധതിക്കും ഇ-ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ വില (1,69,797/-രൂപ) ക്വാട്ട് ചെയ്ത സോളെൻ എനർജീസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു.

രണ്ടു പദ്ധതികളുടെയും നടത്തിപ്പിലെ ശ്രദ്ധേയ വസ്തുതകൾ ചുവടെ ചേർക്കുന്നു.

- മിനിമാസ്റ്റ് ലൈറ്റ് വിതരണം ചെയ്യുന്നതിനായി ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും ടെൻഡറിൽ ആവശ്യമായ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്തിയില്ല. എട്ടു മീറ്റർ നീളത്തിൽ 200വാട്ട് പവർ ഉള്ള 6ലൈറ്റ് ഘടിപ്പിച്ച മിനിമാസ്റ്റ് ലൈറ്റ് ആണ് വാങ്ങാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ടെൻഡറിൽ 'മിനിമാസ്റ്റ് ലൈറ്റ്' എന്ന് മാത്രമാണ് സൂചിപ്പിച്ചിരുന്നത്.

- മിനിമാസ്റ്റ് ലൈറ്റിന്റെ വാറണ്ടി സംബന്ധിച്ച് ടെൻഡറിൽ സൂചന നൽകിയില്ല.

- സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33 പ്രകാരം സാമ്പത്തിക വർഷത്തിന്റെ അവസാനം തിരക്ക് പിടിച്ച വാങ്ങലുകൾ ഒഴിവാക്കേണ്ടതാണ്. പ്രസ്തുത നിർദേശം പാലിക്കപ്പെട്ടില്ല.

- രണ്ടു ടെൻഡറുകളും ഒരേ ദിവസമാണ് ക്ഷണിച്ചതെങ്കിലും ടെൻഡർ സമർപ്പിക്കുന്നതിന് ഒരു പദ്ധതിയിൽ 15 ദിവസവും മറ്റൊന്നിൽ 22 ദിവസത്തെ സമയവും നൽകി.

- ടെൻഡർ നിബന്ധന പ്രകാരം ലൈറ്റിന്റെ സാമ്പിൾ ഗുണമേന്മ പരിശോധന നടത്തി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടിയിരുന്നു. എന്നാൽ അത്തരം സർട്ടിഫിക്കറ്റ് ടെൻഡർ ഉടമകൾ ഹാജരാക്കിയില്ല.
- മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും 2018-19വർഷത്തിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്ന സമാന ആവശ്യത്തിനായാണ് രൂപീകരിച്ചത്. ഇപ്രകാരം പദ്ധതി രൂപീകരിച്ചത് ആസൂത്രണത്തിലെ അപാകതയാണ്.

| | | |
|---|---|---|
| പദ്ധതി | 175/2019 | 85/2019 |
| ആവശ്യം | മിനി മാസ്റ്റ് ലൈറ്റ് | മിനി മാസ്റ്റ് ലൈറ്റ് |
| ലൈറ്റുകളുടെ എണ്ണം | 2 | 7 |
| ടെൻഡർ തീയതി | 18.01.2019 | 18.01.2019 |
| ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി | 08.02.2019 | 01.02.2019 |
| ടെൻഡർ തുറക്കുന്ന തീയതി | 11.02.2019 | 02.02.2019 |
| L1 - സ്ഥാപനം | സോളെൻ എനർജീസ് | ബോസ് ലൈറ്റ് |
| L1 - തുക | 169797/- | 158480/- |
| ചർച്ചക്ക് ശേഷമുള്ള L1 - സ്ഥാപനം | - | സോളെൻ എനർജീസ് |
| ചർച്ചക്ക് ശേഷമുള്ള തുക L1 - തുക | 169797/- | 158480/- |
| അംഗീകരിച്ച സ്ഥാപനം | സോളെൻ എനർജീസ് | സോളെൻ എനർജീസ് |
| മേൽപ്പറഞ്ഞ തുക പ്രൊക്യൂർമെൻറ് കമ്മിറ്റി അംഗീകരിച്ച തീയതി | 01.03.2019 | 01.03.2019 |
| പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച തീരുമാനം നമ്പർ തീയതി | 2.2/02.03.2019 | 2.3/02.03.2019 |

- പട്ടിക പ്രകാരം രണ്ടു പദ്ധതികളും ഒരേ ദിവസത്തിലാണ് ടെൻഡർ ചെയ്തിരിക്കുന്നത്. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33(iii) പ്രകാരം ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച

കണക്കാക്കി ടെൻഡർ ക്ഷണിക്കേണ്ടതാണ്. രണ്ടു പദ്ധതികൾക്കുമായി ഒറ്റ ടെൻഡർ ക്ഷണിക്കാൻ കഴിയുമായിരുന്നു.

- പ്രൊക്യൂർമെൻറ് കമ്മിറ്റി രണ്ട് പദ്ധതികളിലും വില നിശ്ചയിച്ചിരിക്കുന്നത് ഒരേ ദിവസമാണ്. അതായത് ഒരേ സ്ഥാപനത്തിൽ നിന്നും രണ്ടു നിരക്കിൽ ഒരേ സാധനം വാങ്ങാൻ തീരുമാനിച്ചത് ഒരേ ദിവസത്തെ മീറ്റിങ്ങിലാണ്. കമ്മിറ്റിക്ക് രണ്ട് മിനിമാസ്റ്റ് ലൈറ്റുകൾ കൂടെ കുറഞ്ഞ തുകയ്ക്ക് ആവശ്യപ്പെടാൻ കഴിയുമായിരുന്നു.

- പഞ്ചായത്ത് കമ്മിറ്റിയും ഒരേ ദിവസത്തിൽ തന്നെയാണ് ഇപ്രകാരം ഒരേ സാധനം രണ്ടു നിരക്കിൽ ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങാൻ തീരുമാനിച്ചത്. ഇപ്രകാരം രണ്ട് മിനിമാസ്റ്റ് ലൈറ്റുകൾ ഉയർന്ന നിരക്കിൽ വാങ്ങേണ്ടിവന്നു. ഇതിലൂടെ 22,364/-രൂപയുടെ ((169797-158480)*2) അധിക ചെലവ് ഉണ്ടായി.

- ഇത്തരത്തിൽ അധിക ചെലവ് വരുത്തിയത് ഫിനാൻഷ്യൽ പ്രൊപ്രൈറ്റി സ്റ്റാൻഡേർഡിന്റെ ലംഘനമാണ്. കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(ബി) പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന ഏതൊരു വ്യക്തിയും ഫിനാൻഷ്യൽ പ്രൊപ്രൈറ്റി സ്റ്റാൻഡേർഡ്സ് പാലിക്കേണ്ടതാണ്. ഫിനാൻഷ്യൽ പ്രൊപ്രൈറ്റി സ്റ്റാൻഡേർഡ് പ്രകാരം ഒരു വ്യക്തി സ്വന്തം പണം ചെലവ് ചെയ്യുമ്പോൾ പുലർത്തുന്ന അതേ ജാഗ്രതയും കരുതലും ശ്രദ്ധയും ഒരു സർക്കാർ ഉദ്യോഗസ്ഥൻ പൊതു പണം ചെലവഴിക്കുമ്പോഴും പുലർത്തേണ്ടതാണ്. എന്നാൽ ഇവിടെ അത്തരം ജാഗ്രതയും കരുതലും പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെയോ ഭാഗത്തു നിന്നും ഉണ്ടായില്ല. അതിന്റെ ഫലമായി 22,364/- രൂപയുടെ ഒഴിവാക്കാനാകുമായിരുന്ന അധിക ചെലവ് ഉണ്ടായി. മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

<u>ശിപാർശകൾ</u>

- സമാന ആവശ്യത്തിനായി രണ്ടു തരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

- ടെൻഡർ നിബന്ധനകൾ മുഴുവനും പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

- പഞ്ചായത്ത് കമ്മിറ്റിയും പ്രൊക്യൂർമെൻറ് കമ്മിറ്റിയും വാങ്ങലുകൾ നടത്തുന്ന സാഹചര്യങ്ങളിൽ വ്യക്തമായ ജാഗ്രത പുലർത്തേണ്ടതാണ്.

# 1-31 വർക്ക് കോൺട്രാക്റ്റ് - GST ഈടാക്കിയില്ല

പദ്ധതി : 169/19 - മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്,
അടങ്കൽ : 18,00,000/-, ചെലവ് : 14,46,137/-

നിർവ്വഹണ ഉദ്യഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ & തിയതി :
14/28.06.2018 – 6,19,773/-,
15/28.06.2018 – 4,13,182/-,
16/28.06.2018 – 4,13,182/-

ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.07.2020

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- പദ്ധതിപ്രകാരം 8 മീറ്റർ നീളത്തിലുള്ള 6 ലൈറ്റുകളും 10 മീറ്റർ നീളത്തിലുള്ള ഒരു ലൈറ്റും സ്ഥാപിക്കേണ്ടതാണ്. ഇതിനായി 25,000/-രൂപ നിരക്കിൽ 6 മിനി മാസ്റ്റ് ലൈറ്റുകൾക്കും 30,000/-രൂപ നിരക്കിൽ ഒരു മിനിമാസ്റ്റ് ലൈറ്റിനും വേണ്ടിയാണ് അടങ്കൽ വകയിരുത്തിയത്. എന്നാൽ ടെൻഡർ ചെയ്തപ്പോൾ 8 മീറ്റർ നീളത്തിലുള്ള 7 മിനി മാസ്റ്റ് ലൈറ്റുകൾക്കാണ് ടെൻഡർ ക്ഷണിച്ചത്.

- മിനി മാസ്റ്റ് ലൈറ്റിന്റെ പ്രധാനഭാഗങ്ങൾ മറ്റു കമ്പനികളിൽ നിന്നും വാങ്ങി യോജിപ്പിക്കുന്നവയാണ്. ആയതിനാൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി സപ്ലൈ കോൺട്രാക്ട് ആയിട്ട് ടെൻഡർ ചെയ്യാവുന്നതായിരുന്നു. എന്നാൽ ഇവിടെ ഐറ്റം വൈസ് എസ്റ്റിമേറ്റ് എടുത്തു വർക്ക് കോൺട്രാക്ട് ആയാണ് ടെൻഡർ ചെയ്തത്.

  വർക്ക് കോൺട്രാക്ട് ആയി ടെൻഡർ ചെയ്തപ്പോൾ ഒരു മിനി മാസ്റ്റ് ലൈറ്റിന് 2,06,591/-രൂപ നിരക്കിലാണ് ഏറ്റവും കുറഞ്ഞ ടെൻഡർ ലഭിച്ചത്. എന്നാൽ 2018-19 വർഷത്തിൽ ഇത്തരത്തിലുള്ള രണ്ട് പദ്ധതികൾ സപ്ലൈ കോൺട്രാക്ട് ആയി ചെയ്തപ്പോൾ 1,50,000/-രൂപയ്ക്ക് താഴെ ഏറ്റവും കുറഞ്ഞ ടെൻഡർ ലഭിച്ചു.

  ഇത്തരം പ്രവൃത്തികളിൽ കൂടുതൽ ഭാഗവും സപ്ലൈ ചെയ്യുന്നതായതിനാൽ വർക്ക് കോൺട്രാക്ട് ആയി ചെയ്യുമ്പോൾ സ്ഥാപനങ്ങൾ ടെൻഡറിൽ ഭാഗമാകാൻ വിമുഖത കാണിക്കാറുണ്ട്. ഇത്തരം പ്രവൃത്തികളിൽ അഡീഷണൽ ആയി വരുന്ന ചെറിയ മൈനർ ജോലികൾ സപ്ലൈയുടെ ഭാഗമായി തന്നെ ചെയ്തു കിട്ടുന്നതാണ്. മേൽപ്പറഞ്ഞ ജോലി സപ്ലൈ കോൺട്രാക്ട് ആയി ടെൻഡർ ചെയ്തിരുന്നെങ്കിൽ ഇതിലും കുറഞ്ഞ നിരക്കിൽ മിനി മാസ്റ്റ് ലൈറ്റ് ലഭിക്കുമായിരുന്നു.

- വർക്ക് കോൺട്രാക്ട് ആയി ചെയ്ത ജോലിക്ക് പ്രതിഫലം നൽകിയപ്പോൾ GSTഈടാക്കിയില്ല. ആകെ 14,46,137/-രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ആയതിന്റെ 2% ആയ 28,922/-രൂപ GST ഈടാക്കി ഒടുക്കു വരുത്തിയില്ല.

  മേൽപ്പറഞ്ഞ വസ്തുതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല

<u>ശിപാർശകൾ</u>

- പദ്ധതി രൂപീകരിച്ച രീതിയിൽ തന്നെ പ്രാവർത്തികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- വാങ്ങുന്ന വസ്തുവിന്റെ സ്വഭാവമനുസരിച്ച് സപ്ലൈ കോൺട്രാക്ട്/വർക് കോൺട്രാക്ട് എന്നിവ തെരഞ്ഞെടുക്കേണ്ടതാണ്.
- GST ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 നിയമപരമായ മുഴുവൻ അവകാശികളുടേയും അറിവില്ലാതെ നിലം ഉൾപ്പെടുന്ന വസ്തു വാങ്ങി - സർക്കാർ നിർദ്ദേശാനുസരണമുള്ള സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടം നിർമ്മിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.07.2020

പദ്ധതി : 109/18 - ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങൽ

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ : 11,00,000/-, ചെലവ് : 10,99,800/-

ബിൽ നമ്പർ & തിയതി : 76/28.03.2018 – 39,800/-, 77/28.03.2018 – 10,60,000/-

പദ്ധതി : 167/19 - ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങൽ

ഫണ്ട് : തനതു ഫണ്ട്, അടങ്കൽ : 73700, ചെലവ് : 73700

ചെക്ക് നമ്പർ & തിയതി : 2015/24.03.2019 – 21200/-, 2017/24.03.2019 – 45000/-, 2016/26.03.2019 – 7500/-

പഞ്ചായത്ത് പരിധിയിൽ ഒരു ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിന് വസ്തു വാങ്ങുന്നതിന് ആണ് പദ്ധതികൾ രൂപീകരിച്ചത്. അപ്രകാരം പദ്ധതി പണം ഉപയോഗിച്ച് നിലം ഉൾപ്പെടുന്ന വസ്തു വാങ്ങുകയും വസ്തുവിൽ ബഡ്സ് സ്കൂൾ നിർമ്മിക്കുകയും ചെയ്തു.

വസ്തുവിനായി ടെൻഡർ ക്ഷണിക്കുകയും ശ്രീ. പുഷ്പാംഗദൻ, ശ്രീ. വിഷ്ണു മോൻ എന്നീ വ്യക്തികളിൽ നിന്ന് യഥാക്രമം 8സെൻറ് (90000രൂപ/സെൻറ്), 7സെൻറ് (70000രൂപ/സെൻറ്) വസ്തു വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. തഹസിൽദാരുടെ വാല്യുവേഷൻ പ്രകാരം മേൽപ്പറഞ്ഞ വസ്തുവിന്റെ മൂല്യം 12,14,000/-രൂപയാണ്. എന്നാൽ പ്രസ്തുത വസ്തുവിന്റെ ഒരു ഭാഗം നിലം ആയതിനാൽ ഉടമകളുമായി ചർച്ച നടത്തുകയും യഥാക്രമം സെന്റിന് 80,000/-രൂപ, 60,000/-രൂപ എന്ന വിലക്ക് നൽകാൻ ഉടമകൾ സമ്മതിക്കുകയും ചെയ്തു. അപ്രകാരം 10,60,000/-രൂപയ്ക്ക് വസ്തു വാങ്ങി.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>മുഴുവൻ ഉടമകളുടെയും അനുവാദമില്ലാതെ വസ്തു വാങ്ങി.</u>

   വസ്തു വാങ്ങിയപ്പോൾ നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് വാങ്ങിയില്ല. ബഡ്സ് സ്കൂളിനായി 432/8, 432/4-1, 432/4എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട വസ്തുവാണ് വാങ്ങിയത്.

   09.08.2017ലെ 4289/17നമ്പർ എൻകമ്പ്രൻസി സർട്ടിഫിക്കറ്റ് പ്രകാരം 432/4, 432/8 എന്നീ സർവ്വേ നമ്പരുകളിലെ വസ്തുക്കളിൽ പുഷ്പാംഗദൻ എന്ന വ്യക്തിയെ കൂടാതെ പത്മനാഭപിള്ള, ശാരദ അമ്മ, ഗിരിജ എന്നിവർക്കും കൂടി അവകാശം ഉള്ളതായി കണ്ടു. 09.08.2017ലെ 4290/17നമ്പർ എൻകമ്പ്രൻസി സർട്ടിഫിക്കറ്റ് പ്രകാരം 432/4-1 എന്ന സർവ്വേ നമ്പരിലെ വസ്തുക്കളിൽ പുഷ്പാംഗദൻ, പത്മനാഭപിള്ള, ശാരദ അമ്മ, ഗിരിജ എന്നിവർക്ക് കൂടി അവകാശം ഉള്ളതായി കണ്ടു.

   പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം ആവശ്യപ്പെട്ടു വെങ്കിലും പഞ്ചായത്ത് മറുപടി നൽകിയില്ല. എങ്കിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുയോജ്യത സർട്ടിഫിക്കറ്റ് നൽകി.

   അതിനുശേഷം വസ്തുവിന്റെ രജിസ്ട്രേഷൻ വേളയിൽ ഗിരിജ എന്ന വ്യക്തിയെ ഒഴിവാക്കി പത്മനാഭപിള്ള, ശാരദ അമ്മ, പുഷ്പാംഗദൻ, വിഷ്ണു മോൻ എന്നിവരിൽ നിന്നും വസ്തു എഴുതി

വാങ്ങി. ഗിരിജ എന്ന വ്യക്തിക്ക് കൂടി അവകാശമുള്ള വസ്തു പ്രസ്തുത വ്യക്തിയുടെ അറിവു കൂടാതെയാണ് കൈമാറ്റം നടത്തിയിരിക്കുന്നത്.

2. <u>പദ്ധതി പണം ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിന് നിലം ഉൾപ്പെടുന്ന ഭൂമി വാങ്ങി.</u>

അരുവിക്കര വില്ലേജ് ഓഫീസറുടെ 14.12.2017ലെ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം 432/8സർവ്വേ നമ്പറിലുള്ള 2.22ആർ വസ്തു നിലം ആണ്. പ്രസ്തുത വസ്തുവിൽ നിർമ്മാണം അനുവദനീയമല്ല എന്ന് കാണിച്ചുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തിന് കത്തുനൽകി. എന്നാൽ മേൽപ്പറഞ്ഞ വസ്തുവിൽ നെൽകൃഷി ഇല്ല എന്നും സ്വാഭാവിക നീരൊഴുക്കിനെ തടയുന്നില്ല എന്നും സെക്രട്ടറി സത്യവാങ്മൂലം നല്കി. ഇതിൻറെ അടിസ്ഥാനത്തിൽ, നിലം ഉൾപ്പെടുന്ന ഭൂമിയിൽ നിർമ്മാണം പാടില്ല എന്ന നിബന്ധനയോടെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുയോജ്യത സർട്ടിഫിക്കറ്റ് നൽകി.

നിലം ആയതിനാൽ വസ്തു ഉടമകൾ തഹസിൽദാർ നിശ്ചയിച്ച വിലയിൽ നിന്നും കുറഞ്ഞ വിലക്ക് വസ്തു വിൽക്കാൻ തയ്യാറായി.

പഞ്ചായത്ത് വാങ്ങിയ 15 സെന്റിൽ 5 സെൻറ് സ്ഥലവും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത നിലം ഉൾപ്പെടുന്ന വസ്തുവാണ്. അതായത് 1/3ഭാഗങ്ങളിലും നിർമ്മാണം നടത്താൻ കഴിയില്ല. പദ്ധതി പണമുപയോഗിച്ച് നിർമ്മാണം നടത്താൻ കഴിയാത്ത വസ്തു വാങ്ങിയത് ഫണ്ടിന്റെ ദുരുപയോഗം ആയി കണക്കാക്കുന്നു.

3. <u>ബഡ്സ് സ്കൂൾ കെട്ടിടത്തിന് സർക്കാർ നിഷ്കർഷിച്ചിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ കെട്ടിട നിർമ്മാണം നടത്തി.</u>

സർക്കാർ ഉത്തരവ് (G.O.(MS)148/09/lsgd dt. 29.07.2009) പ്രകാരം ബഡ്സ് സ്കൂൾ സ്ഥാപിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളെ കുറിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് സ്ഥാപിച്ച ബഡ്സ് സ്കൂൾ കെട്ടിടത്തിൽ മാർഗരേഖ പ്രകാരം ഉണ്ടായിരിക്കേണ്ട കുറഞ്ഞ സൗകര്യങ്ങൾ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ നിന്നും അറിയാൻ കഴിഞ്ഞു. കെട്ടിടത്തിനുള്ളിൽ ഉണ്ടായിരിക്കേണ്ട മുറികൾ സൗകര്യങ്ങൾ സർക്കാർ നിഷ്കർഷിച്ചിരുന്നതിൽ നിന്നും താഴെയാണ്.

| അടിസ്ഥാന സൗകര്യങ്ങൾ | ആവശ്യമായ ഏറ്റവും കുറഞ്ഞ സൗകര്യം | കെട്ടിടത്തിൽ ഇപ്പോൾ ഉള്ള സൗകര്യം |
|---|---|---|
| ബാത്റൂം (കുട്ടികൾക്ക്) | 4 | 3 |
| ഒക്കുപേഷണൽ തെറാപ്പി & കൗൺസലിംഗ് റൂം | 1 | - |
| തൊഴിൽ പരിശീലന മുറി | 1 | - |
| ഫിസിയോ തെറാപ്പി മുറി | 1 | - |
| പകൽ പരിശീലന മുറി | 1 | - |
| ഓഡിയോളജി മുറി | 1 | - |

ബഡ്സ് മാതൃകയിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് ജില്ലാതല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതിയുടെ അനുമതി വാങ്ങേണ്ടിയിരുന്നു. ആയത് വാങ്ങിയില്ല. മേൽ അപാകതകൾ

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദമായ മറുപടി നല്കേണ്ടതാണ്.

ശിപാർശകൾ

- സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച വിഷയത്തിൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
- ബഡ്സ് സ്കൂളിന് ആവശ്യമായ സർക്കാർ നിർദേശ പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്

# 1-33 സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്കു വേണ്ടി വാടക നൽകി - വാടക അംഗൻവാടി പ്രവർത്തകർക്ക് കൈമാറി

പദ്ധതി : 11/2019 - അങ്കണവാടികൾക്ക് അധിക പ്രതിമാസ വാടക

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം, അടങ്കൽ : 69,000/-, ചെലവ് : 69,000/-

നിർവ്വഹണ ഉദ്യഗസ്ഥ : ICDSസൂപ്പർവൈസർ

ബിൽ നമ്പർ & തിയതി : 3/17.07.2018 – 23,900/-, 19/18.09.2018 – 12,700/-, 28/16.11.2018 – 12,150/-, 31/22.12.2018 – 300/-, 44/08.02.2019 – 19,950/-

ഓഡിറ്റ് എൻക്വയറി നമ്പർ : 25/16.07.2020

പഞ്ചായത്തിന്റെ പരിധിയിലുള്ള 34 അങ്കണവാടികളിൽ 12 അങ്കണവാടികൾ വാടകക്ക് പ്രവർത്തിക്കുന്നുണ്ട്. അതിൽ 10 അങ്കണവാടികൾക്ക് വാടക നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവ് (സാധാ) നം: 2733/2010/തസ്വഭവ തീയതി : 13.08.2010 പ്രകാരം അങ്കണവാടികളുടെ വാടക പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ നിശ്ചയിച്ചതനുസരിച്ചാണ് നൽകേണ്ടത്. എന്നാൽ ഇത്തരത്തിൽ അസിസ്റ്റന്റ് എൻജിനീയർ വാടക നിശ്ചയിച്ചിട്ടില്ല. പകരം ഓരോ കെട്ടിട ഉടമകളുമായും വാടക കരാറിലേർപ്പെട്ട് വിവിധ നിരക്കിൽ വാടക നൽകി.
2. പഞ്ചായത്തിലെ എൻജിനീയറുടെ 30.6.2018 ലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം 88-ാംനമ്പർ അങ്കണവാടി പ്രവർത്തിക്കുന്നത് പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ്. എന്നാൽ ഈ കെട്ടിടത്തിന് വാടക നൽകുന്നതിനായി 1,750/-രൂപ ചെലവഴിച്ചു. പ്രസ്തുത തുക അംഗൻവാടി വർക്കർ ആയ ശ്രീമതി. ബീന. റ്റി. യുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആയത് ലഭിച്ചതായി ശ്രീമതി. ഓമനയമ്മ കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ട്.
3. ഗഡുക്കളായാണ് വാടക തുക കൈമാറിയിരിക്കുന്നത്. ഓരോ കെട്ടിടത്തിനും വാടക വീതിച്ച നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല. 1,600/- രൂപ മാസവാടക ഉള്ള കെട്ടിടത്തിന് 6,750/-രൂപ നൽകി, 1,500/-രൂപ മാസവാടക ഉള്ള കെട്ടിടത്തിന് 8,250/-രൂപ നൽകി, 2,000/-രൂപ മാസവാടക ഉള്ള കെട്ടിടത്തിന് 8,100/-രൂപ നൽകി. ഇപ്രകാരം പ്രത്യേകിച്ച് മാനദണ്ഡമില്ലാതെ തുക വിതരണം ചെയ്തു.

4. സർക്കാർ ഉത്തരവ് (അച്ചടി) നം : 46/2016/ധന തീയതി: 04.04.2016പ്രകാരം ഗുണഭോക്താക്കൾക്കുള്ള തുക അവരുടെ അക്കൗണ്ടിൽ നേരിട്ട് നൽകേണ്ടതാണ്. എന്നാൽ ഉത്തരവിന് വിരുദ്ധമായി വാടക തുക കെട്ടിട ഉടമകളുടെ അക്കൗണ്ടിൽ നേരിട്ട് നൽകാതെ അങ്കണവാടി വർക്കറുടെ അക്കൗണ്ടിലേക്ക് കൈമാറി.

5. കെട്ടിട ഉടമകളുടെ കൈപ്പറ്റ് രസീത് പ്രകാരം 102-ാം നമ്പർ അങ്കണവാടി കെട്ടിട ഉടമയായ സ്വർണ്ണമ്മ വാടകയിനത്തിൽ 1,200/-രൂപ കൈപ്പറ്റി. എന്നാൽ മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ വാടകയിനത്തിൽ 3,450/-രൂപ അംഗനവാടി വർക്കർ ആയ പ്രസന്നകുമാരിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. മൂന്നാം ഗഡുവായ 2,250/-രൂപ കെട്ടിട ഉടമയ്ക്ക് ലഭിച്ചതായി കാണുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

<u>ശിപാർശകൾ</u>

- സർക്കാർ ഉത്തരവനുസരിച്ച് പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ വാടക നിശ്ചയിച്ച് നൽകേണ്ടതാണ്.
- വാടകക്കു പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രം വാടക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. വാടക നൽകുന്നതിന്റെ മാനദണ്ഡം ഭരണസമിതി രൂപീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ വാടക വീതിച്ച് നൽകേണ്ടതാണ്.
- കെട്ടിട ഉടമകൾക്ക് നേരിട്ട് അവരുടെ അക്കൗണ്ടിൽ വാടക കൈമാറേണ്ടതാണ്. 102-ാംനമ്പർ അംഗൻവാടിയുടെ കെട്ടിട ഉടമയ്ക്ക് പ്രസ്തുത അങ്കണവാടിയിലെ വർക്കർ ആയ പ്രസന്ന കുമാരിയിൽ നിന്നും 2,250/-രൂപ ഈടാക്കി നൽകേണ്ടതാണ്. വാടക തുക കൈമാറാത്തതിൻമേൽ വിശദീകരണം നൽകേണ്ടതാണ്.

# 1-34 തുല്യതാ പരീക്ഷ - രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.07.2020

ഫണ്ട് : വികസന ഫണ്ട് - പൊതു വിഭാഗം

പദ്ധതി : 31/2019 - തുല്യതാ പരീക്ഷ പത്താം തരം

അടങ്കൽ : 92,500/-, ചെലവ് : 92,500/-

ബിൽ നമ്പർ & തിയതി : 46/27.02.2019

പദ്ധതി : 32/2019 - ഹയർ സെക്കൻഡറി തുല്യതാ കോഴ്സ്

അടങ്കൽ : 1,12,500/-, ചെലവ് : 1,12,500/-

ബിൽ നമ്പർ & തിയതി : 45/27.02.2019

പത്താം തരം, പന്ത്രണ്ടാം തരം തുല്യത പരീക്ഷകൾക്കായി പഠിതാക്കൾക്ക് കോഴ്സ് ഫീസ് അടയ്ക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. കോഴ്സ് ഫീസ് ഇനത്തിൽ പത്താം തരം തുല്യതാ

പരീക്ഷയ്ക്ക് 50 പഠിതാക്കൾക്ക് 1,850/-രൂപ നിരക്കിൽ 92,500/- രൂപയും പന്ത്രണ്ടാം തരം പരീക്ഷയ്ക്ക് 45 പഠിതാക്കൾക്കായി 2,500/-രൂപ നിരക്കിൽ 1,12,500/-രൂപയും സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം രജിസ്റ്റർ ചെയ്ത 95 പഠിതാക്കളുടെയും അപേക്ഷകൾ, തുല്യത പഠനം സംബന്ധിച്ച രേഖകൾ ഒന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സാക്ഷരത മിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല.

- സാക്ഷരതാ മിഷൻ പ്രോസ്പെക്ടസ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ പഠിതാക്കൾക്ക് ഫീസ് ആനുകൂല്യം ലഭ്യമാണ്. 95 പഠിതാക്കളിൽ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട പഠിതാക്കൾ ഉണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. 2,05,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-35 വനിതാ ഘടക പദ്ധതി - സർക്കാർ നിർദേശപ്രകാരമുള്ള വകയിരുത്തൽ നടത്തിയില്ല - വനിതകൾക്കായുള്ള പദ്ധതിച്ചെലവ് ഒരു ശതമാനം മാത്രമായി

ഓഡിറ്റ് എൻക്വയറി നമ്പർ : 12/16.07.2020

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ലിംഗസമത്വവും സ്ത്രീശാക്തീകരണവുമാണ് അഞ്ചാം ലക്ഷ്യമായി ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ചുവടുപിടിച്ച് കേരള സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി മേൽപ്പറഞ്ഞ ലക്ഷ്യം നേടിയെടുക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ആവശ്യപ്പെടുകയും അപ്രകാരം വനിതാ ഘടക പദ്ധതി(WCP) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവും ആയ സ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

അരുവിക്കര പഞ്ചായത്തിന്റെ WCP മേഖലയിലെ വകയിരുത്തലും ചെലവും പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ കണ്ടു.

(A) സർക്കാർ നിഷ്കർഷിച്ച അളവിൽ വകയിരുത്തൽ നടത്തിയില്ല.

പദ്ധതി ആസൂത്രണ മാർഗരേഖ സ.ഉ.(കൈ) നം : 11/2018/തസ്വഭവ തീയതി: 29.01.2018 പ്രകാരം വികസന ഫണ്ടിന്റെ (General+SCP+TSP) 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി വകയിരുത്തേണ്ടതാണ്. ഇത് പാലിക്കപ്പെട്ടില്ല.

| ആകെ വികസന ഫണ്ട് (ജനറൽ + SCP + TSP) | WCP വകയിരുത്തൽ | വകയിരുത്തൽ ശതമാനം | വനിതകൾക്ക് മാത്രമായി വകയിരുത്തിയ തുക | വനിതകൾക്ക് മാത്രമായി വകയിരുത്തിയ തുകയുടെ ശതമാനം |
|---|---|---|---|---|
| | | | | |

| ആകെ വികസന ഫണ്ട് (ജനറൽ + SCP + TSP) | WCP വകയിരുത്തൽ | വകയിരുത്തൽ ശതമാനം | വനിതകൾക്ക് മാത്രമായി വകയിരുത്തിയ തുക | വനിതകൾക്ക് മാത്രമായി വകയിരുത്തിയ തുകയുടെ ശതമാനം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 32153087 | 2696949 | 8.39 | 7,36,949/- | 2.29 |

- മേൽപ്പറഞ്ഞ പട്ടിക പ്രകാരം ആകെ 8.39ശതമാനം (കോളം നമ്പർ:3) മാത്രമാണ് WCPക്കായി വകയിരുത്തിയത്. ഏറ്റവും കുറഞ്ഞത് 10 ശതമാനം വകയിരുത്തണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല.

- പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമായി ഗുണം ലഭിക്കുന്ന പദ്ധതികൾ ഉൾപെടുത്താൻ പാടില്ല. സ്ത്രീകൾക്ക് മാത്രമായി ഗുണം ലഭിക്കുന്ന പദ്ധതികൾ മാത്രമാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഇവിടെ WCPയിൽ ഉൾപ്പെടുത്തിയ ആറ് പദ്ധതികളിൽ 2 പദ്ധതികൾ സ്ത്രീകൾക്ക് മാത്രം ഗുണം ലഭിക്കുന്നവ ആയിരുന്നില്ല. ജീവിതശൈലി രോഗങ്ങളുടെ പരിശോധന, സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പ പദ്ധതികൾ എന്നീ പദ്ധതികൾ സ്ത്രീകൾക്കു മാത്രം ഉള്ളവ ആയിരുന്നില്ല. ഇപ്രകാരം സ്ത്രീകൾക്ക് വേണ്ടി മാത്രം ഉൾപ്പെടുന്ന പദ്ധതികൾ മാത്രം പരിഗണിച്ചാൽ ആകെ 7,36,949/- രൂപയാണ് (കോളം നമ്പർ:4) WCPക്കായി വകയിരുത്തിയത്. അതായത് വികസന ഫണ്ടിന്റെ 2.29ശതമാനം (കോളം നമ്പർ:5) മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

(B) ജെൻഡർ ബജറ്റ് തയ്യാറാക്കുന്നില്ല

WCPപദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ജെൻഡർ ബജറ്റ് (GB) തയ്യാറാക്കേണ്ടത് ആവശ്യമാണ്.

- പഞ്ചായത്ത് ബജറ്റ് മാനുവൽ സെക്ഷൻ 3.1.5 പ്രകാരം GB തയ്യാറാക്കേണ്ടതാണ്. അപ്രകാരം GB തയ്യാറാക്കുന്നില്ല.

- പഞ്ചായത്ത് ബജറ്റ് മാനുവൽ സെക്ഷൻ 5.4 പ്രകാരം എല്ലാവർഷവും സെപ്റ്റംബർ മാസത്തിൽ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ജെൻഡർ ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇത് നടത്തുന്നില്ല.

- GB തയ്യാറാക്കുന്നതിനായി ജെൻഡർ അനാലിസിസ് നടത്തുന്നില്ല.

- ജെൻഡർ അനാലിസിസ് നടത്തുന്നതിന് പഞ്ചായത്തിലെ പദ്ധതികളിലെ ആൺ-പെൺ വേർതിരിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ വിവരങ്ങൾ പഞ്ചായത്ത് ശേഖരിക്കുന്നില്ല.

ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ WCPക്കായി കൃത്യമായ ഫണ്ട് വിഹിതം വകയിരുത്താൻ നടത്താൻ കഴിയാതെ വരുന്നു, കൂടാതെ നടപ്പാക്കിയ പദ്ധതികളുടെ കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

( C) സ്പെഷ്യൽ ഗ്രാമസഭ സംഘടിപ്പിക്കുന്നില്ല.

സർക്കാർ ഉത്തരവ് സ.ഉ.(എം.എസ്) നം : 362/2013/തസ്വഭവ തീയതി: 16.01.2013 പ്രകാരം 4 നിർബന്ധിത ഗ്രാമസഭ മീറ്റിംഗുകളിൽ ഒരെണ്ണം സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് വേണ്ടിയുള്ളതാകേണ്ടതാണ്. അപ്രകാരം സ്പെഷ്യൽ ഗ്രാമസഭ മീറ്റിംഗ് നടക്കുന്നില്ല. ആയതിനാൽ സ്ത്രീകൾക്ക് അവരുടെ ആവശ്യങ്ങളും മറ്റു വിഷയങ്ങളും അവതരിപ്പിക്കാൻ കഴിയുന്നില്ല.

(D) WCPഫണ്ട് വിനിയോഗം.

| വികസന ഫണ്ട് | WCP വകയിരുത്തൽ | WCP ചെലവ് | ചെലവ് ശതമാനം | വനിതകൾക്ക് വേണ്ടി മാത്രമുള്ള വകയിരുത്തൽ | വനിതകൾക്ക് വേണ്ടി മാത്രമുള്ള ചെലവ് | വനിതകൾക്ക് വേണ്ടി മാത്രമുള്ള ചെലവ് ശതമാനം | വികസന ഫണ്ടുമായുള്ള ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 32153087 | 2696949 | 1578079 | 58.5 | 736949 | 328079 | 44.5 | 1.02 |

- കോളം നമ്പർ: 3 പ്രകാരം WCPക്കായി 15,78,079/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. അതായത് വകയിരുത്തിയതിൽ 58.5 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
- കോളം നമ്പർ 6 പ്രകാരം വനിതകൾക്ക് മാത്രമായി തയ്യാറാക്കിയ പദ്ധതികൾ പരിഗണിച്ചാൽ വകയിരുത്തിയതിൽ 328079രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 44.5ശതമാനം മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.
- കോളം നമ്പർ 8 പ്രകാരം വികസന ഫണ്ടിൽ നിന്നും സ്ത്രീകൾക്ക് മാത്രമായി ചെലവഴിച്ചത് 1.02ശതമാനം ആണ്.

അതായത് വികസന ഫണ്ടിന്റെ 10 ശതമാനം വകയിരുത്തി ചെലവഴിക്കാൻ സർക്കാർ നിർദ്ദേശം ഉള്ളപ്പോൾ വെറും ഒരു ശതമാനം മാത്രമാണ് WCPക്കായി ചെലവഴിച്ചത്.

(E) മേഖല തിരിച്ചുള്ള ചെലവ്

| മേഖല | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം | വനിതകൾക്ക് വേണ്ടി മാത്രമുള്ള വകയിരുത്തൽ | വനിതകൾക്ക് വേണ്ടി മാത്രമുള്ള ചെലവ് | വനിതകൾക്ക് വേണ്ടി മാത്രമുള്ള ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| സേവനം | 106000 | 97130 | 91.6 | 97130 | 97130 | 91.6 |
| ഉൽപ്പാദനം | 2590949 | 1480949 | 57 | 630949 | 23049 | 3.65 |

മേൽ പട്ടിക പ്രകാരം സേവനമേഖലയിൽ 91ശതമാനം ചെലവ് വന്നിട്ടുണ്ടെങ്കിലും ഉൽപാദന മേഖലയിൽ 51 ശതമാനം മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. അതിൽ സ്ത്രീകൾക്ക് മാത്രമായി ചെലവഴിച്ചത് 36.5 ശതമാനം മാത്രമാണ്.

മേൽപ്പറഞ്ഞ വസ്തുതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല

ശ:ിപാർശകൾ

- സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള വകയിരുത്തൽ നടത്തേണ്ടതാണ്.
- ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കി ജെൻഡർ ബജറ്റ് തയ്യാറാക്കേണ്ടതാണ്.
- വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതുവഴി സുസ്ഥിര വികസന ലക്ഷ്യം നേടാൻ ശ്രമിക്കേണ്ടതാണ്.
- ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതുണ്ട്.

# 1-36 സിമന്റ് പ്ലാസ്റ്റർ (1:4,12mm) അളവ് കണക്കാക്കിയതിൽ പിശക് അധിക തുക നൽകി - നഷ്ടം 1,662/-രൂപ

പദ്ധതി നം – 116/2019

അടങ്കൽ -3,00,000/-

ഫണ്ട് -മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് – 2,22,047/-

നിർവഹണം - അസി.എഞ്ചിനീയർ

കരാറുകാരൻ -അനിൽ കുമാർ. എസ്.

ബിൽ നം. – 48-116/18-19 തീ. 17/01/19 തുക 2,22,047/-

എം ബുക്ക് നം – 28/18-19

ഗ്രാമ പഞ്ചായത്ത് നിർവഹിച്ച മൈലം കടമ്പ്രക്കുഴി അംഗനവാടി മെയിന്റനൻസ് എന്ന ഈ പ്രവൃത്തിയിൽ ഇനം നം 14 ആയി നിർവഹിച്ച സിമന്റ് പ്ലാസ്റ്റർ (1:4,12mm) നിർവഹിച്ചതിൽ യഥാർത്ഥ അളവ് കണക്കാക്കിയതിലുള്ള അപാകതമൂലം അധിക തുക കരാറുകാരന് നൽകേണ്ടിവന്നിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി നിർവഹിച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്

99.015$m^2$ (എം.ബുക്ക് പേജ് നം.5)

50.390$m^2$ (എം.ബുക്ക് പേജ് നം.7)

11.700$m^2$ (എം.ബുക്ക് പേജ് നം.17)

ആകെ – 161.105$m^2$

കുറവ് വരുത്തേണ്ട ഏരിയ-22.495$m^2$ (എം.ബുക്ക് പേജ് നം.6)

കുറവ് വരുത്തിയ ശേഷമുള്ള ഏരിയ-138.61$m^2$

നൽകിയ തുക =145.845$m^2$@260.64/$m^2$=38013/-

നൽകേണ്ട തുക =138.610$m^2$@260.64/$m^2$=36127/-

അധികം നല്കിയ തുക = 1,662/- (1886-264/-ടെണ്ടർ കുറവ് 14%)

ഈ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/2020) മറുപടി ലഭ്യമായില്ല. ആയതിനാൽ അധികം അനുവദിച്ച തുക 1,662/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-37 പ്രവൃത്തിബില്ലുകളിൽ നിന്നും ഈടാക്കിയ റിട്ടെൻഷൻ തുക തിരികെ നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം നിർവഹണം നടത്തിയ കരുമരക്കോട് അംഗൻവാടി നിർമ്മാണം (പദ്ധതി നം.102/18-19), വട്ടകുളം എൽ.പി.എസിന് ടോയ്‌ലറ്റ് നിർമ്മാണം (പദ്ധതി നം.140/18-19) എന്നീ പ്രവൃത്തികളുടെ ആദ്യ പാർട്ട് ബില്ലുകളിൽ നിന്നും യഥാക്രമം 8,004/-രൂപ, 5,266/-രൂപ വീതം റിട്ടെൻഷൻ ഇനത്തിൽ ഈടാക്കിയിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ അന്തിമബിൽ നൽകിയപ്പോൾ ഈ തുകകൾ തിരികെ നൽകിയിട്ടില്ല. ഈ തുകകൾ തിരികെ നൽകാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്ന കാരണവും വ്യക്തമല്ല. പ്രസ്തുത വിഷയം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/2020) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകൾ തിരികെ നൽകാത്തത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-38 മരാമത്ത് പ്രവൃത്തികൾ - രൂപീകരണവും ഫണ്ട് വകയിരുത്തലും-അപാകതകൾ

വിവിധ മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തുകയിലും അധികമായി ഫണ്ട് വകയിരുത്തി ഡി.പി.സി അംഗീകാരം ലഭ്യമാക്കി നടപ്പാക്കിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, നം | ഫണ്ട് | വകയിരുത്തിയ തുക | എസ്റ്റിമേറ്റ് തുക | ചെലവ് തുക |
|---|---|---|---|---|
| വെള്ളൂർക്കോണം പാതിരി റോഡ് ഇടക്കാട്ടുകോണം നടപ്പാത പുനരുദ്ധാരണം (42/2019) | മെയിന്റനൻസ് ഫണ്ട് (റോഡ്) | 600000/- | 150000/- | 136412/- |
| അരുവിക്കര പനച്ച റീകോൺക്രീറ്റിംഗ് (137/2019) | മെയിന്റനൻസ് ഫണ്ട് (റോഡ്) | 300000/- | 118000/- | 105533/- |
| മണ്ടകുഴി പടിക്കെട്ട് പുനരുദ്ധാരണം (133/2019) | മെയിന്റനൻസ് ഫണ്ട് (റോഡ്) | 400000/- | 188000/- | 160893/- |

പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ നിർവ്വഹിക്കാതിരുന്നതിനാലാണ് പദ്ധതികൾക്ക് എസ്റ്റിമേറ്റ് തുകയുടെ ഇരട്ടിയിലധികം ഫണ്ട് അലോക്കേഷൻ നടത്തി അംഗീകാരം നേടി നടപ്പാക്കേണ്ടി വന്നത്. കരട് പ്രോജക്ട് നിർദേശങ്ങൾ തയ്യാറാക്കി അടങ്കൽ തുക നിശ്ചയിക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിന് മുമ്പ് വിഭവ ലഭ്യത സംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടാകേണ്ടതും ഓരോ വിഷയ മേഖലയ്ക്കും ഉപമേഖലയ്ക്കും വകയിരുത്താവുന്ന അടങ്കൽ തുക ഭരണസമിതി തീരുമാനിക്കേണ്ടതുമാണ് . ഇത്തരം നടപടികളുടെ അഭാവത്തിലാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രകാരം എസ്റ്റിമേറ്റിന്റെ ഇരട്ടിയിലധികം തുക വകയിരുത്തുകയും എസ്റ്റിമേറ്റിനെക്കാളും അധികമായി വകയിരുത്തിയ തുക മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയും സംജാതമായത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/16.07.2020) മറുപടി ലഭ്യമാക്കിയില്ല. തുടർന്നുള്ള വർഷങ്ങളിൽ ഈ അപാകത ഒഴിവാക്കേണ്ടതും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സ.ഉ(കൈ)നം.11/2018/ തസ്വഭവ, തീയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ ഖണ്ഡിക 3.4 ലെ നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

# 1-39 ട്രഷറി ബിൽബുക്ക് പ്രകാരം മാറിയ തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

കേരള ട്രഷറി കോഡ് ചട്ടം 92, നോട്ട് ii പ്രകാരം എല്ലാ ധന ഇടപാടുകളും ആയത് സംഭവിക്കുന്ന മുറക്ക് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എന്നിരിക്കെ കൃഷി ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിലെ തുകകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

1. പ്രോജക്ട് നം 122/18-19, ഹരിതഭവനം

ബിൽ ബുക്ക് സീരിയൽ നം.33/18-19 തീയതി 26.02.2019 തുക 14,000/-

2. പ്രോജക്ട് നം 124/18-19, ജലസേചനം പമ്പ് സെറ്റ്

ബിൽ ബുക്ക് സീരിയൽ നം.34/18-19 തീയതി 26.02.2019 തുക 7,833/-

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/17.07.2020 ന മറുപടി ഹാജരാക്കിയിട്ടില്ല. ഭാവിയിൽ എല്ലാ വിധ പണമിടപാടുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-40 ന്യൂട്രിമിക്സ് - ഭക്ഷ്യ സുരക്ഷാ നിയമവ്യവസ്ഥകൾ ലംഘിച്ച് വിതരണം നടത്തുന്നു

ആറു മാസം മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്ക് അധിക പോഷണം ലഭിക്കുന്നതിനായി ടേക്ക് ഹോം റേഷൻ പദ്ധതി (Take Home Ration Strategy- THRS) വഴി വിതരണം ചെയ്യുന്ന റെഡിമെയ്ഡ് ഭക്ഷ്യ മിശ്രിതമാണ് ന്യൂട്രിമിക്സ്. ന്യൂട്രിമിക്സ് വിതരണത്തിനായി സർക്കാർ കുടുംബശ്രീയെ ചുമതലപ്പെടുത്തി. പ്രസ്തുത ഉത്തരവിൽ (G.O.(MS)32/06/SWD നം.30.09.2016) ന്യൂട്രിമിക്സ് തയാറാക്കി

വിതരണം ചെയ്യുന്നതിന് ആവശ്യമായ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാൻ കുടുംബശ്രീയോട് നിർദേശിച്ചിരുന്നു.

- ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് (പ്രൊഹിബിഷൻ ആൻഡ് റെസ്ട്രിക്ഷൻസ് ഓഫ് സെയിൽസ്) റെഗുലേഷൻ 2011, സെക്ഷൻ 2.3.14(4) പ്രകാരം കുട്ടികൾക്കായുള്ള ഭക്ഷ്യ വസ്തുക്കൾ BISമാർക്കില്ലാതെ പ്രദർശിപ്പിക്കാനോ നിർമ്മിക്കാനോ വിൽക്കാനോ ശേഖരിക്കാനോ പാടുള്ളതല്ല. എന്നാൽ അങ്കണവാടികളിൽ വിതരണം ചെയ്യപ്പെട്ട ന്യൂട്രിമിക്സ് പാക്കറ്റുകൾ നേരിട്ട് പരിശോധിച്ചതിൽ കുടുംബശ്രീ നിർമ്മിച്ച് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിൽ BIS മുദ്ര ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേല്പറഞ്ഞ റെഗുലേഷൻ പാലിക്കുന്നതിൽ നിന്നും കുടുംബശ്രീയെ ഒഴിവാക്കിയിട്ടില്ല. ഇപ്രകാരം നിയമം ലംഘിച്ചാണ് കുടുംബശ്രീ ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നത്.
- അങ്കണവാടി വഴി കുട്ടികൾക്ക് ഭക്ഷണ വിതരണം നടത്തുമ്പോൾ പാലിക്കേണ്ട പ്രവർത്തന മാർഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം (F.No.5(25)/2010/ND-Tch Pt. Dtd.24.12.2013) ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.
- അങ്കണവാടികളിൽ സ്ത്രീകളുടെയും കുട്ടികളുടെയും പോഷണ സംബന്ധമായ വിഷയങ്ങളിൽ ഇടപെടുന്നതിന് നാഷണൽ റൂറൽ മിഷൻ രൂപീകരിച്ച കമ്മിറ്റിയാണ് വില്ലേജ് ഹെൽത്ത് സാനിറ്റേഷൻ & ന്യൂട്രിഷൻ കമ്മിറ്റി. എന്നാൽ പ്രസ്തുത കമ്മിറ്റിയോ പഞ്ചായത്ത് സമിതിയോ ഇത്തരം വിഷയങ്ങളിൽ നടപടികൾ സ്വീകരിക്കുന്നില്ല.

<u>ശിപാർശകൾ</u>

- BIS സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.
- ഭക്ഷ്യ സുരക്ഷാ ശുചിത്വ മാർഗനിർദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-41 സ്പീച്ച് ബിഹേവിയറൽ ഒക്യുപേഷൻ തെറാപ്പി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം,പേര് | 141/2018-19, സ്പീച്ച് ബിഹേവിയറൽ ഒക്യുപേഷൻ തെറാപ്പി |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 100000/- |
| ചെലവ് | 12390/- |
| ബിൽ നം/തുക/തീയതി | 40/18-19 /1000/25.01.2019<br>48/18-19/3090/08.02.2019<br>55/18-19/7250/22.03.2019<br>56/18-19/1050/23.03.2019 |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

അങ്കണവാടി മുതൽ നാലാം ക്ലാസ് വരെ പഠിക്കുന്ന, സംസാര വൈകല്യങ്ങൾ ഉൾപ്പെടെ മറ്റ് വ്യത്യസ്ത വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ ചികിത്സ അങ്കണവാടി കേന്ദ്രമാക്കി നൽകുന്നതിലേക്ക്

ഡോക്ടറുടെ സേവനം ഉറപ്പാക്കി പരിചരണം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 1,00,000/-രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയെങ്കിലും 12,930/-രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡോക്ടറുമാരുടെ സേവനം ലഭ്യമാക്കിയിട്ടില്ല.

2. പഞ്ചായത്ത് കമ്മിറ്റി 28.02.2019 ൽ കളത്തറ വാർഡിലെ ബനിയൻടീ എന്ന സ്ഥാപനത്തിലെ ആരതി.വി.എസിനെ ഇൻറ്റർവ്യൂ നടത്തി തെറാപ്പിസ്റ്റായി നിയമിച്ചു. ഇൻറ്റർവ്യൂ നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

3. തെറാപ്പിസ്റ്റ് "Diploma in teaching young hearing impaired children" എന്ന സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും Rehabilitation Council of India യിൽ നിന്നുള്ള രജിസ്ട്രേഷൻ കാലാവധി 26.02.2015 ൽ കഴിഞ്ഞിരുന്നു.

4. ടീച്ചർക്ക് വേതനമിനത്തിൽ 10,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ എത്ര കുട്ടികൾക്ക് ഏതൊക്കെ ദിവസങ്ങളിൽ ക്ലാസ് കൈകാര്യം ചെയ്തു എന്നതു സംബന്ധിച്ച വിവരം ലഭ്യമല്ല.

5. വേതനം കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.

6. പദ്ധതി മോണിറ്ററിംഗ് ചെയ്തതായിട്ടുള്ള രേഖകളും ലഭ്യമാക്കിയിട്ടില്ല.

ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മേൽ പരാമർശിച്ച വിഷയങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കേണ്ടതും ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

# 1-42 ജാഗ്രത സമിതി - പ്രവർത്തനം ഊർജ്ജിതമാക്കണം

| | |
|---|---|
| പ്രോജക്ട് നം, പേര് | 10/2018-19, ജാഗ്രതസമിതി |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 10000/- |
| ചെലവ് | 1130/- |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ജാഗ്രത സമിതി മാർഗരേഖ സ.ഉ.(എം.എസ്)21/07 സാ.ക്ഷേ.വ. ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കേണ്ടതും (എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം) രണ്ട് മാസത്തിലൊരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിച്ച് ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്.

എന്നാൽ ജാഗ്രതാ സമിതി പ്രവർത്തനവുമായി ബന്ധപ്പെട്ട് 22.09.2018, 16.11.2018, 22.01.2019 എന്നീ തീയതികളിൽ 3 മീറ്റിങ്ങുകളാണ് കൂടിയിട്ടുള്ളത്. ഈ ദിവസങ്ങളിലെ ലഘുഭക്ഷണത്തിനുള്ള ചെലവു രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരമുള്ള മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ രേഖകൾ, മിനിറ്റ്സ് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/17.07.2020 ന് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് പ്രദേശത്തിലെ സ്ത്രീകളുടെയും കുട്ടികളുടേയും സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ നിർദേശമനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ജാഗ്രത പുലർത്തേണ്ടതാണ് .

# 1-43 മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പാക്കി

| | |
|---|---|
| പദ്ധതി | വെറ്ററൻസ് മീറ്റ് |
| പദ്ധതി നം | 107/19 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 20000 ( വികസന ഫണ്ട് ) |
| ചെലവ് തുക | 18,460/- |
| ബിൽ നം, തീയതി | 16/18-19 25.01.2019 5,500/-<br>17/18-19 25.01.2019 9,000/-<br>18/18-19 11.02.2019 3,960/- |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ വയോജനങ്ങൾക്ക് കലാ, കായികമേള നടത്തുന്നതിന് 18,640/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖയിൽ വയോജനങ്ങൾക്കായി ഇത്തരത്തിൽ ഒരു പ്രോജക്ട് നടപ്പാക്കുന്നതിനെക്കുറിച്ച് നിർദേശം നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.3/2020 ന് മറുപടിയായി ഗ്രാമപഞ്ചായത്തിലെ വയോജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15.03.2018 ലെ 1(1)-ാം നം ശിപാർശ അനുസരിച്ച് 6.03.2018 ലെ 1(1)-ാം നം പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം പദ്ധതി നടപ്പിലാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. വയോജനങ്ങൾക്കുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ സ .ഉ(കൈ)നം.11/2018 തസ്വഭവ തീയതി 29.01.2018, ഖണ്ഡിക 6.5 ലെ നിർദേശങ്ങൾ പാലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്.

# 1-44 ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

സുലേഖ ചെലവ് പത്രിക പ്രകാരം ഡയറി ഫാം ഇൻസ്ട്രക്ടർ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ഫണ്ട് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| ക്ഷീരസമൃദ്ധി | വികസന ഫണ്ട്<br>ബ്ളോക്ക് വിഹിതം<br>ജില്ലാപഞ്ചായത്ത് വിഹിതം | 800000<br>300000<br>100000 | 1200000 |
| കറവ പശുവിന് കാലിത്തീറ്റ | വികസന ഫണ്ട്<br>മറ്റുള്ളവ | 800000<br>800000 | 1600000 |

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ സാധിച്ചിരുന്നില്ല. അടുത്ത ഓഡിറ്റ് വേളയിൽ ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനാവിധേയമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 -

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.06.2019 മുതൽ 26.06.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി6/ 1229/2019/ 22.072019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് 2018-19 | | 73440 | ജലശ്രീ | 73440 | |
| | | 10472 | കേദാരം | 10472 | |
| | | 210000 | ഹരിത ഭവനം | 210000 | |
| | | 427500 | സ്നേഹ സ്പർശം | 417500 | 10000 |
| | | 100000 | ക്ഷീര സമൃദ്ധി | 100000 | |
| | 3000000 | | PHCകെട്ടിട നിർമ്മാണം | 3000000 | |
| | | 1660401 | ലൈഫ് | 1425463 | 234938 |
| | | 20400 | ജൈവ സമൃദ്ധി | 20400 | |
| ആകെ | 3000000 | 2502213 | | 5257275 | 244938 |
| ബ്ലോക്ക് പഞ്ചായത്ത് 2018-19 | | 201600 | ജലശ്രീ | 48960 | 152640 |
| | | 8500 | കേദാരം | 8500 | |
| | | 20400 | ജൈവ സമൃദ്ധി | 20400 | |
| | | 100000 | പാലിയേറ്റീവ് കെയർ | 100000 | |
| | | 960926 | ലൈഫ് | 818426 | 142500 |
| | | 427500 | സ്നേഹ സ്പർശം | 427500 | |
| | 1000000 | | സ്ഥലം വാങ്ങൽ | 1000000 | |
| | | 500000 | പകൽവീട് | 286264 | 213736 |
| | | 300000 | ക്ഷീര സമൃദ്ധി | 300000 | |
| | 175111 | | വിവരം ലഭ്യമല്ല | 0 | 175111 |
| | | 100000 | സ്ഥലം വാങ്ങൽ | 0 | 100000 |
| ആകെ | 1175111 | 2618926 | | 3010050 | 783987 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 81/19 | 150000 | | 150000 |
| " | 82/19 | 35250* | | 35250 |
| KWA | 51/19 | 223500 | | 223500 |
| " | 52/19 | 100000 | | 100000 |
| " | 80/19 | 100000 | | 100000 |

* അക്കൗണ്ട് സർട്ടിഫിക്കേഷൻ കാണുക.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വര്ഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS | GO(Rt) 275/2010/lsgd/ 27.10.2010 | 10047750 | 1710983 | 1710983 | - |
| KURDFC | GO(ms) 68/2018/lsgd- 18.5.2018 | *25777000 | | | 25777000 |

*വാർഷിക ധനകാര്യ പത്രികയിൽ ലോൺ തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,26,81,698/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,19,03,900/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,77,285/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21(1) | 9500 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| 1-21(2) | 22758 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| 1-21(3) | 12940 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| 1-21(8) | 50352 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| 1-21(10) | 148758 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| 1-21(11) | 9227 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| 1-28 | 15000 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| 1-29 | 603750 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| 1-34 | 205000 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. |
| ആകെ | 1077285 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ

സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. എസ്.പ്രവീൺ, സെക്രട്ടറി. | സെക്രട്ടറി, അരുവിക്കര ഗ്രാമപഞ്ചായത്ത് | 34/378, ഗവ. ക്വാർട്ടേഴ്സ്, മേലാറന്നൂർ, കരമന, തിരുവനന്തപുരം. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 5 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 21 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 4 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 4 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 2 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 5 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 3 | |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 7 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 10 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 9 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 4 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 8 | |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/1352/18 തീയതി 31.05.2018 | 7 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/2590/18 തീയതി 09.01.2020 | 24 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ അരുവിക്ക ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

ആർ.2.11.20